ദി ഡിഫെൻഡർ

Vol. No. 8 Issue No. 10 RNI Reg. No. 68089 / 97 Published From Perumbavoor 2005 MAY 16

## സ്ഥലംമാറ്റപ്രശ്നം

# പാസ്റ്ററെ തട്ടിക്കൊണ്ടുപോയി

സ്ഥലം മാറി വന്ന പാസ്റ്ററെ പരിശുദ്ധ പെന്തക്കോസ്ത് വിശ്വാസികൾ തട്ടിക്കൊണ്ടു പോയി എന്നു പറഞ്ഞാൽ വിശ്വസിക്കാൻ ഏറെപ്പേരുണ്ടാകില്ലെന്നറിയാം. എങ്കിലും സംഭവം നടന്നതുതന്നെ. ഐ.പി.സിയുടെ വൈക്കം സെന്ററിലാണ് ഈ അത്യപൂർവ്വ സംഭവം നടന്നത്.

കല്ലറ ശാലേം ഐ.പി.സി. സഭയിൽ കഴിഞ്ഞ മൂന്നു വർഷമായി ശുശ്രൂഷ ചെയ്തിരുന്ന എം.പി.ജയിംസിന് മറ്റൊരു സഭയിലേക്ക് മാറ്റം നൽകുകയും പാസ്റ്റർ ബിജോയ് ചാക്കോ എന്നൊരാളെ അവിടേക്ക് നിയമിക്കുകയും ചെയ്തുകൊണ്ട് ഐ.പി.സിയുടെ കേരള സ്റ്റേറ്റ് കൗൺസിൽ തീരുമാനമെടുത്തിരുന്നു. സ്ഥലം മാറ്റ ലിസ്റ്റിൽ ഇത് കാണാവുന്നതുമാണ്. പക്ഷേ, കല്ലറ സഭയിലുള്ള ചിലരുടെ സഹായത്തോടെ ജയിംസ് സ്ഥലംമാറ്റ തീരുമാനം ധിക്കരിക്കാൻ തീരുമാനിച്ചു.

കല്ലറ സഭയിൽ ചാർജെടുക്കാനായി പാസ്റ്റർ ബിജോയ് ചാക്കോ എത്തിയതോടെ പ്രശ്നമായി. പാസ്റ്റർ എത്തിയതറിഞ്ഞ് ജയിംസിന്റെ ഗുണ്ടകൾ പാഞ്ഞെത്തി. പാസ്റ്ററെ വഴിയിൽ വച്ചു തന്നെ അവർ പിടികൂടി ഒരു ഓട്ടോയിൽ കയറ്റിക്കൊണ്ടു പോയി. അപ്രതീക്ഷിതമായി ഉണ്ടായ ഈ ആക്രമണത്തിൽ അന്ധാളിച്ച പാസ്റ്റർ കരഞ്ഞു വിളിക്കുകയും ഓട്ടോയിൽ നിന്ന് ചാടാൻ ശ്രമിക്കുകയും ചെയ്തു. കുറെ സമയം കഴിഞ്ഞ് അക്രമികൾ പാസ്റ്ററെ മറ്റൊരിടത്ത് ഇറക്കിവിട്ടു.

തന്നെ തട്ടിക്കൊണ്ടു പോയതായി പരാതിപ്പെട്ട് ബിജോയ് ചാക്കോ പോലീസിന് പരാതി നൽകിയതോടെ എം.പി. ജയിംസിന് വേവലാതിയായി. സ്ഥലം മാറ്റ ഉത്തരവ് റദ്ദാക്കി കിട്ടിയാൽ പ്രശ്നം പരിഹരിക്കാമെന്ന പ്രതീക്ഷയിൽ അയാൾ സർവ്വശക്തനായ ടി.എസ്.ഏബ്രഹാമിനെ സമീപിച്ചു.

വനിതാ ബൈബിൾ സ്ക്കൂളിൽ പെൺകുട്ടികളെ എത്തിച്ചുകൊടുത്തും മറ്റും മുൻകാലങ്ങളിൽ സഹായം ചെയ്തിരുന്ന എം.പി.ജയിംസിന് പ്രത്യുപകാരം ചെയ്യാൻ ലഭിച്ച സാഹചര്യം ടി.എസ്.ഏബ്രഹാം ശരിക്ക് വിനിയോഗിച്ചു. ഐ.പി.സി. കേരള സ്റ്റേറ്റ് വൈസ് പ്രസിഡന്റായ എം.വി.വർഗീസിനെ സ്വാധീനിച്ച് സ്ഥലം മാറ്റ ഉത്തരവ് റദ്ദാക്കാനുള്ള ശ്രമം വിജയിച്ചില്ല. അതുകൊണ്ട് ഐ.പി.സിയുടെ സകല നിയമങ്ങളേയും കാറ്റിൽ പറത്തിക്കൊണ്ട് ടി.എസ്.ഏബ്രഹാം കല്ലറ സഭയിലെ സ്ഥലം മാറ്റം റദ്ദു ചെയ്തു.

സ്റ്റേറ്റ് കൗൺസിൽ ഭാരവാഹികളുടെ അറിവും സമ്മതവും കൂടാതെ ജനറൽ പ്രസിഡന്റിന് കല്ലറ സഭയിലെ സ്ഥലം മാറ്റം റദ്ദുചെയ്യാൻ അധികാരമുണ്ടോ എന്ന് ചോദിക്കരുത്. കാരണം, ഇതും അപ്പച്ചന്റെ ഒരു തമാശയാണ്. വീട്ടിൽ മൂത്ത കാരണവർക്ക് വെളിമ്പറമ്പും അടുപ്പും ഒന്നുപോലെയാണ്. എന്തും എവിടെയും ആകാം.

## ശമുവേൽ മാത്യുവിന് എന്തുപറ്റി ?

ശമുവേൽ മാത്യുവിന് എന്തുപറ്റി? എന്തോ പറ്റി എന്നല്ലാതെ ഒന്നും പറയാൻ കഴിയുന്നില്ല. തെറ്റിദ്ധരിക്കരുത്: ജി.എഫ്.എയിലെ ശമുവേൽ മാത്യുവല്ലിത്. മണക്കാല സെമിനാരിയിലെ അദ്ധ്യാപകനും പുല്ലാട്ടുള്ള ശാരോൻ സഭയുടെ പാസ്റ്ററും ടി.ജി.കോശിയുടെ മന:സാക്ഷിസൂക്ഷിപ്പുകാരനുമായ ശമുവേൽ മാത്യുവിന്റെ കാര്യമാണ് പറഞ്ഞു വരുന്നത്.

രണ്ടാഴ്ച മുൻപ് ശമുവേൽ മാത്യു മാവേലിക്കര ഭാഗത്ത് ഒരു വിവാഹത്തിൽ സംബന്ധിക്കാൻ പോയിരുന്നു. ടി.ജി. കോശി ഉൾപ്പെടെയുള്ള പ്രമുഖരും ഉണ്ടായിരുന്നു. വിവാഹം കഴിഞ്ഞ് ഏറെ താമസിയാതെ ശമുവേൽ മാത്യു അപ്രത്യക്ഷനായി. എവിടെ പോയെന്നോ എന്തു പറ്റിയെന്നോ ആർക്കും അറിഞ്ഞുകൂടാ.

ഏറെ താമസിയാതെ അഭ്യൂഹങ്ങൾ പരന്നു. ശമുവേൽ മാത്യുവിനെ സുവിശേഷ വിരോധികൾ തട്ടിക്കൊണ്ടു പോയിരിക്കാം എന്ന് ശ്രുതി പരന്നു. അതോടെ പലരും പ്രാർത്ഥനയും ഉപവാസവും തുടങ്ങി. കാര്യങ്ങൾ ഇങ്ങനെ പുരോഗമിക്കുന്നതിനിടയിൽ ശമുവേൽ മാത്യു പാലക്കാട് ഭാഗത്തുള്ള സ്വന്തം കുടുംബവീട്ടിലെത്തി.

ആരോടും പറയാതെ മാവേലിക്കരയിൽ നിന്നും എന്തിന് സ്ഥലം വിട്ടു? ഇത്ര ദിവസം എവിടെയായിരുന്നു? വിശ്വസനീയമായ ഒരു വിശദീകരണം ശമുവേൽ മാത്യു പറഞ്ഞിട്ടില്ല. അതുകൊണ്ട് ശമുവേൽ മാത്യുവിന്റെ തിരോധാനം ഇപ്പോഴും ഉത്തരം കിട്ടാത്ത ഒരു കടംകഥയായി അവശേഷിക്കുന്നു.

# അച്ചൻകുഞ്ഞ് ഇലന്തൂർ ഐ.പി.സിയെ വഞ്ചിക്കുന്നു

ഐ.പി.സിയുടെ കേരള സ്റ്റേറ്റ് കൗൺസിൽ അംഗമായ അച്ചൻകുഞ്ഞ് ഇലന്തൂർ ഐ.പി.സിയെ വഞ്ചിക്കുകയാണെന്ന് വ്യക്തമായിരിക്കുന്നു. ഐ.പി.സിയുടെ വിശ്വാസപ്രമാണങ്ങൾക്കു വിരുദ്ധമായി പ്രചരിപ്പിച്ചുകൊണ്ടാണ് അച്ചൻകുഞ്ഞ് വഞ്ചന നടത്തുന്നത്. രക്ഷയെ ബാധിക്കുന്ന സുപ്രധാന ഉപദേശവിഷയങ്ങളെക്കുറിച്ചാണ് അച്ചൻകുഞ്ഞ് വിപരീതോപദേശം പ്രചരിപ്പിക്കുന്നത്.

ഐ.പി.സിയുടെ വിശ്വാസപ്രമാണമെന്തെന്ന് ഐ.പി.സിയുടെ ഭരണഘടനയിൽ വ്യക്തമായി പറയുന്നുണ്ട്. ആ ഉപദേശങ്ങളിൽ വിശ്വസിക്കുന്നവർക്കു മാത്രമേ ഐ.പി.സിയിൽ അംഗത്വം ലഭിക്കൂ. ഐ.പി.സിയുടെ വിശ്വാസപ്രമാണങ്ങളിൽ വിശ്വാസം നഷ്ടപ്പെടുന്ന വ്യക്തിക്ക് ഐ.പി.സിയിലുള്ള അംഗത്വവും നഷ്ടമാകുമെന്ന് ഐ.പി.സിയുടെ ഭരണഘടനയിൽ വ്യക്തമായി പറയുന്നുണ്ട്. ദൈവവചനം, രക്ഷ, പരിശുദ്ധാത്മാഭിഷേകം, വേർപാട് തുടങ്ങിയ സുപ്രധാന വിഷയങ്ങളിൽ ഐ.പി.സിയുടെ വിശ്വാസപ്രമാണങ്ങളുമായി അച്ചൻകുഞ്ഞിന് യോജിപ്പില്ല. അതുകൊണ്ട് അച്ചൻകുഞ്ഞ് ഇലന്തൂരിന് ഐ.പി.സിയിലെ അംഗമായി തുടരാൻ അവകാശമില്ല.

യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരെല്ലാം രക്ഷിക്കപ്പെട്ടവരാണെന്നും നാമധേയ ക്രൈസ്തവ സഭകളിലെ അംഗത്വം ഉപേക്ഷിക്കാതെതന്നെ അവർക്ക് ക്രിസ്തീയജീവിതം നയിക്കാൻ ആവുമെന്നും അച്ചൻകുഞ്ഞ് പ്രചരിപ്പിക്കുന്നു. കത്തോലിക്കാവിശ്വാസപ്രചാരകനായ ബെന്നി പുന്നത്തറ അച്ചൻകുഞ്ഞിന്റെ പത്രമായ മരുപ്പച്ചയിലെ സ്ഥിരം എഴുത്തുകാരനാണ്. രക്ഷിക്കപ്പെട്ട വ്യക്തി എന്ന നിലയിലാണ് അച്ചൻകുഞ്ഞ് ബെന്നിയെ പരിഗണിക്കുന്നത്. കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണങ്ങളിൽ അടിയുറച്ച് വിശ്വസിക്കുന്ന വ്യക്തിയാണ് ബെന്നി. സംശയമുള്ളവർ അദ്ദേഹം പ്രസിദ്ധീകരിക്കുന്ന പത്രമാസികകൾ നോക്കുക. കത്തോലിക്കാസഭയുടെ വിശ്വാസാചാരങ്ങളിൽ ഏതെങ്കിലും ഒന്ന് താൻ അംഗീകരിക്കുന്നില്ലെന്ന് ബെന്നി ഇന്നുവരെ പറഞ്ഞിട്ടില്ല. പക്ഷേ, ഇത്തരത്തിലൊരാളെ രക്ഷിക്കപ്പെട്ടവനായി അംഗീകരിക്കാൻ അച്ചൻകുഞ്ഞിന് ബുദ്ധിമുട്ടില്ല. ഐ.പി.സിയുടെ അടിസ്ഥാന വേദോപദേശങ്ങളിൽ ഒന്നായ വേർപാട് ഇവിടെ നഷ്ടമായിരിക്കയാണ്.

ഐ.പി.സിയുടെ പ്രസിഡന്റായ ടി.എസ്.ഏബ്രഹാം തിരുമേനിമാരുമായി കൈകോർത്ത സംഭവം ചൂണ്ടിക്കാട്ടിയാണ് അച്ചൻകുഞ്ഞ് തന്റെ നിലപാട് ന്യായീകരിക്കുന്നത്. ടി.എസ്.ഏബ്രഹാം മാത്രമല്ല, മറ്റു ചില പെന്തക്കോസ്ത് നേതാക്കൻമാരും ഇത്തരം ഹീനകൃത്യങ്ങൾ ചെയ്തിട്ടുണ്ട്. ഉപദേശവിഷയങ്ങളിൽ മാത്രമല്ല ജീവിതത്തിലും ഈ നേതാക്കൻമാർ വീണവരാണ്. വ്യഭിചാരം തൊഴിലാക്കിയ ഈ നേതാക്കൻമാരെ സഭയിൽ നിന്നും പുറത്താക്കേണ്ടതായിരുന്നു. പക്ഷേ, ഈ ന്യായം പറഞ്ഞ് അച്ചൻകുഞ്ഞോ മറ്റാരെങ്കിലുമോ ദുരുപദേശം പ്രചരിപ്പിക്കാമെന്ന് വ്യാമോഹിക്കരുത്.

കത്തോലിക്കർ ഉൾപ്പെടെയുള്ള ക്രൈസ്തവസഭകൾ ഒന്നുചേർന്ന് സുവിശേഷപ്രച

(പേജ് 7 ...............)

# കുമ്പനാട് സെന്ററിന് തിരുവല്ലയിൽ സഭ

സത്യം സത്യമായി പറഞ്ഞാൽ ഐ.പി.സി. ഒരു മർമ്മമാണ്. ഐ.പി.സി. നോർത്തേൺ റീജിയന് ഇന്ത്യയുടെ തെക്കേ അറ്റമായ കേരളത്തിൽ സഭയുണ്ട്. കുമ്പനാട് സെന്ററിന് ആന്ധ്രാപ്രദേശിൽ സഭയുണ്ടത്രേ. തല കുത്തിനിന്ന് ചിരിക്കയല്ലാതെ എന്തുചെയ്യും. ഇത്രത്തോളം ഗൗരവമുള്ളതല്ലെങ്കിലും ഇതിനു സമാനമായ ഒരു സംഭവം ഈയിടെ പത്തനംതിട്ട ജില്ലയിലുണ്ടായി.

ഐ.പി.സിയുടെ വകയാണെന്ന് കരുതപ്പെടുന്ന ഒരു സഭ കുറേക്കാലമായി തിരുവല്ലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സഭ സ്വാഭാവികമായും തിരുവല്ല സെന്ററുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കേണ്ടത്. പക്ഷേ, ദൈവസ്നേഹത്തിന്റെ നിറവ് കുറച്ചധികമായതുകൊണ്ട് ഈ വിശുദ്ധൻമാർക്ക് തിരുവല്ല സെന്ററുമായി യോജിച്ചു പോകാൻ മനസ്സില്ല. ഐ.പി.സി. വിടാനും പറ്റില്ല. എന്തുചെയ്യും?

ഒന്നേ ചെയ്യാനുള്ളു. സാക്ഷാൽ ടി.എസ്.ഏബ്രഹാമിനെ ശരണം പ്രാപിക്കുക. അദ്ദേഹം വിചാരിച്ചാൽ ഏതു നിയമവും കാറ്റിൽ പറക്കും. എന്തു തോന്ന്യാസവും നടക്കും. ആരും എതിർക്കാൻ ധൈര്യപ്പെടുകയില്ല. അതുകൊണ്ട് അവർ അതുതന്നെ ചെയ്തു. വളരെ ലളിതമായി ടി.എസ്.ഏബ്രഹാം ഈ പ്രശ്നം പരിഹരിക്കുകയും ചെയ്തു. തിരുവല്ലയിലുള്ള ഈ സഭയെ ടി.എസ്.ഏബ്രഹാം തന്റെ അധീനതയിലുള്ള കുമ്പനാട് സെന്ററിൽ ചേർത്തു. പ്രതിഷേധവുമായെത്തിയ തിരുവല്ല സെന്ററുകാരെ ടി.എസ്.ഏബ്രഹാം ഗറ്റൗട്ട് അടിക്കയും ചെയ്തു.

അഞ്ചു വർഷം മുൻപ് ഈ സഭയിലുള്ള ചിലർ ടി.എസ്.ഏബ്രഹാമിന് ചെയ്തുകൊടുത്ത ഒരു ഉപകാരത്തിന് പ്രത്യുപകാരമായാണ് ഈ നടപടി ഉണ്ടായത്. അപ്പച്ചന്റെ തമാശകൾ വിവരിച്ചുകൊണ്ട് ഡിഫെൻഡർ അഞ്ചു വർഷം മുൻപ് ഇറക്കിയ ലക്കം പത്തനംതിട്ട ജില്ലയിലുള്ള ആർക്കും ലഭിച്ചില്ല. കാരണമെന്ത്? മേല്പടി തിരുവല്ല സഭയിലുള്ള ചിലർക്ക് ആർ.എം.എസ്സിലാണ് ജോലി. അവർ ഡിഫെൻഡറിന്റെ കെട്ട് ആർ.എം.എസ്സിൽ നിന്ന് പൊക്കി, അതായത് മോഷ്ടിച്ചു. അങ്ങനെ പത്തനംതിട്ട ജില്ലയിലുള്ളവർ അപ്പച്ചന്റെ തമാശ അറിയുന്നത് തടഞ്ഞു. ഇത്ര വലിയ ഉപകാരം ചെയ്തവരെ സഹായിക്കാതിരിക്കാൻ ടി.എസ്.ഏബ്രഹാമിന് കഴിയുമോ?

## എന്തതിശയമേ .......................

മലയാള മനോരമയുടെ (കോട്ടയം എഡിഷൻ) മെയ് 3 ചൊവ്വ ലക്കത്തിൽ കണ്ട ഒരു വാർത്ത വായനക്കാരുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുന്നു. ശ്രദ്ധിച്ച് വായിക്കുക.

### നടപ്പന്തൽ ഉദ്ഘാടനം

അടൂർ: തുവയൂർ തെക്ക് കണ്ണങ്കര ദേവീക്ഷേത്രത്തിലെ നടപ്പന്തലിന്റെ ഉദ്ഘാടനം കെ. രാഘവൻ നായർ നിർവ്വഹിച്ചു.

എൻഡോവ്മെന്റുകൾ തന്ത്രി കേശവര് ഭട്ടതിരിപ്പാട് വിതരണം ചെയ്തു. ട്രസ്റ്റ് പ്രസിഡന്റ് കെ.കെ. ഗോപാലൻ നായർ അധ്യക്ഷത വഹിച്ചു.

വിക്ടർ സാം, ഡോ. ടി. നാണു, ഡോ. ജോർജ് മാത്യു, ഡോ. ചെറിയാൻ മാത്യു, ബി. വൽസലകുമാരിയമ്മ, ഡോ. പാപ്പച്ചൻ, ജമാലുദീൻ, മോഹൻ ജി. നായർ, രാജു ഗോപാൽ, പാസ്റ്റർ ബഞ്ചമിൻ, എം.ആർ. ദാസപ്പൻ നായർ, ഗോപാലകൃഷ്ണ ഗോഖലെ, ത്രിവിക്രമൻ പിള്ള, പി.എ. മത്തായി, റോഷൻ ജേക്കബ്, എ.ആർ. ഗോപകുമാർ, ഡോ. പി. മാർക്കോസ്, എൻ. രാജേന്ദ്രൻ നായർ എന്നിവർ പ്രസംഗിച്ചു.

ദി ഡിഫെൻഡർ
Vol. No.8 Issue No. 10 2005 May 16

# അറിയാനുള്ള അവകാശത്തിന് ഇനി നിയമപരിരക്ഷ

അറിയാനുള്ള അവകാശത്തിന് നിയമസാധുത നൽകിക്കൊണ്ട് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ബിൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ നാഴികക്കല്ലാണ്. സൗജന്യം എന്ന നിലയ്ക്കല്ല ഇന്ത്യൻ പൗരന്റെ അവകാശം എന്ന നിലയ്ക്കുതന്നെ സർക്കാർ ഓഫീസുകളിൽ നിന്നും വിവരങ്ങൾ ലഭിക്കാൻ ഈ നിയമം സഹായകമാകും.

ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ജനങ്ങളുടെ ഭരണമാണ് ജനാധിപത്യം. പക്ഷേ ഈ തത്ത്വം പലപ്പോഴും ഏട്ടിലെ പശുവായി അവശേഷിക്കുകയാണ് പതിവ്. പണവും രാഷ്ട്രീയ സ്വാധീനവുമില്ലാത്ത സാധാരണക്കാർക്ക് പറയത്തക്ക ഒരു അവകാശവും ജനാധിപത്യം പുലരുന്ന ഇന്ത്യയിൽ ഇല്ലെന്നതാണ് വസ്തുത.

സർക്കാർ ഉദ്യോഗസ്ഥർ ജനസേവകരാണ്. ജനങ്ങൾ നികുതിയായി നൽകുന്ന പണമാണ് ഇവർക്ക് ശമ്പളമായി ലഭിക്കുന്നത്. പക്ഷേ സർക്കാർ ഓഫീസിൽ നിന്ന് എന്തെങ്കിലും സാധിച്ചെടുക്കാൻ പൊതുജനം പെടാപ്പാട് പെടേണ്ടതായി വരും. മാസങ്ങളോ വർഷങ്ങളോ കഴിഞ്ഞാലും ഫലം ഉണ്ടായില്ലെന്നു വരാം. പുതിയ നിയമം വരുന്നതോടെ ഈ സ്ഥിതിയ്ക്ക് മാറ്റം വരും.

രാജ്യരക്ഷയെ ബാധിക്കുന്നത്ര ഗൗരവമുള്ള വിവരങ്ങൾ ഒഴികെ എന്തും സർക്കാർ ഓഫീസിൽ നിന്നു ലഭിക്കാൻ ഈ നിയമം പൊതുജനങ്ങൾക്ക് അവകാശം നൽകുന്നു. അപേക്ഷ നൽകി മുപ്പതു ദിവസത്തിനകം വിവരം നൽകാനായില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വൻതുക പിഴ നൽകേണ്ടതായി വരും. അതുകൊണ്ട് ചുവപ്പുനാടയുടെ ശല്യം ഉണ്ടാകില്ല എന്ന് ന്യായമായി പ്രതീക്ഷിക്കാം.

ഉദ്യോഗസ്ഥരെ പ്രതിക്കൂട്ടിലാക്കുന്ന ഈ നിയമം നടപ്പിൽ വരുത്താൻ തൊഴിലാളി സംഘടനകൾ അനുവദിക്കുമോയെന്നു സംശയമാണ്. പൊതുജനങ്ങളെ പരമാവധി പീഡിപ്പിക്കുകയും ഊറ്റിപ്പിഴിയുകയും ചെയ്യാൻ തങ്ങൾക്ക് അധികാരം ഉണ്ടെന്ന ഭാവത്തിലാണ് നല്ലൊരു പങ്ക് സർക്കാർ ഉദ്യോഗസ്ഥരും പെരുമാറുന്നത്. ഇതിന് തടസ്സം നിൽക്കുന്ന നിയമങ്ങൾ നടപ്പിൽ വരുത്തുന്നത് തടയാൻ ഇത്തരക്കാർ ശ്രമിക്കുമെന്നതിന് സംശയമില്ല. എന്നാൽ ഇത്തരം എതിർപ്പുകളെ തൃണവത്ഗണിച്ചുകൊണ്ട് നിയമം നടപ്പിൽ വരുത്താൻ സർക്കാരിനു കഴിഞ്ഞാൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ നാഴികക്കല്ലായി ഈ നിയമം അറിയപ്പെടുമെന്നതിനു സംശയമില്ല.

# സത്യം സത്യമായി

നാഷണൽ കോൺഗ്രസ്സിന്റെ ഭാരവാഹികളെയെല്ലാം പ്രഖ്യാപിച്ചു കഴിഞ്ഞു. പക്ഷേ, എം.പി.ഗംഗാധരന്റെ പേരു മാത്രം അക്കൂട്ടത്തിൽ കണ്ടില്ല. പാർട്ടിയിലെ മൂന്നാമനാണ് താൻ എന്ന ഭാവത്തിലായിരുന്നു ഈ മാന്യദേഹത്തിവന്റെ ഭാവഹാവാദികൾ. പക്ഷേ, കടിച്ചുമില്ല, പിടിച്ചുമില്ല എന്ന പരുവത്തിലായി എന്നു പറഞ്ഞാൽ മതിയല്ലോ. ഇത്ര പെട്ടെന്ന് ഇത്തരമൊരു പതനം പ്രതീക്ഷിച്ചിരുന്നില്ല.

വെള്ളിടി വെട്ടുക എന്നൊക്കെ പറയാറില്ലേ. ഏതാണ്ട് അതുപോലെയാണ് രണ്ട് നിയമസഭാമണ്ഡലങ്ങളിലേക്കുള്ള ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ടത്. നാലഞ്ചു മാസം കഴിഞ്ഞ് എത്തുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നിലപാട് വ്യക്തമാക്കിയാൽ മതിയല്ലോ എന്ന് ആശ്വസിച്ചിരുന്നവർക്കെല്ലാം അടിയന്തിരമായി തീരുമാനം എടുക്കേണ്ടതായി വന്നു. അതിന്റെ ഫലമായാണ് ചിലരൊക്കെ ഐക്യ ജനാധിപത്യ മുന്നണി വിട്ടത്. അവർ ഉണ്ടായതുകൊണ്ട് ഉപദ്രവമല്ലാതെ ഉപകാരം ഒന്നും ഇല്ലാത്തതുകൊണ്ട് ഐക്യമുന്നണിക്കാർക്ക് വലിയ മന:പ്രയാസവുമില്ല. പക്ഷേ, അതല്ല നാഷണൽ കോൺഗ്രസ്സിന്റെ സ്ഥിതി. ഉടൻ എന്തെങ്കിലും തീരുമാനിച്ചേ മതിയാകൂ.

ഞാനും മുതലയച്ചനും കൂടി ഒരു പുലിയെ പിടിച്ചു എന്ന് മുതലയുടെ പുറത്തിരുന്ന ഒരു ഈച്ച പറഞ്ഞതായി കേട്ടിട്ടുണ്ട്. ഉപതെരഞ്ഞെടുപ്പു നടക്കുന്ന രണ്ടു മണ്ഡലങ്ങളിലും ഇടതുപക്ഷം ജയിക്കും എന്ന കാര്യത്തിൽ ആർക്കും സംശയമില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ലഭിച്ചതിലും അധികം ഭൂരിപക്ഷം ലഭിക്കും എന്നകാര്യത്തിലും സംശയമില്ല. പക്ഷേ. അതിന്റെ ക്രെഡിറ്റിൽ പങ്കുപറ്റാൻ തയ്യാറായി നിൽക്കുന്നവർ നിരവധിയാണ്. പിള്ള, ജേക്കബ്, താമരാക്ഷൻ തുടങ്ങിയവർ മാത്രമല്ല ലീഡറും സംഘവും വരെ ഈ വിജയങ്ങളുടെ പേരിൽ ഞെളിയുമെന്നു തീർച്ച. ഐക്യ ജനാധിപത്യ മുന്നണിക്ക് ഉണ്ടാകുന്ന തോൽവിയുടെ ഉത്തരവാദി ആരായിരിക്കും? അത് പറയണോ? സാക്ഷാൽ ഉമ്മൻ ചാണ്ടി.

യു.ഡി.എഫ്. വിട്ട പാർട്ടികളോട് സ്വീകരിക്കേണ്ട നിലപാടെന്തെന്ന് ജൂൺ 14ന് തീരുമാനിക്കുമെന്നാണ് ഇടതുപക്ഷം പറയുന്നത്. അത് ബുദ്ധിപരമായ തീരുമാനമാണെന്ന് പറയാതെ വയ്യ. തീരുമാനം ഉടനെ എടുത്താൽ അത് ഉപതെരഞ്ഞെടുപ്പിൽ പ്രതിഫലിക്കും. അത് ഒഴിവാക്കാം. പണ്ട് ഐ.എൻ.എല്ലിന് ആശകൊടുത്ത് കൊണ്ടുനടന്നതുപോലെ കുറേക്കാലം കൊണ്ടുനടക്കാം.

പാർട്ടി ഓഫീസ് പിടിച്ചെടുത്ത് ഔദ്യോഗിക പക്ഷത്തെ ഏല്പിക്കാൻ മുൻകൈ എടുക്കുന്ന പോലീസ് ഉദ്യോഗസ്ഥർ സൂക്ഷിക്കണമെന്ന് മുരളീധരൻ പറയുന്നു. എട്ടുമാസം കഴിയുമ്പോൾ ഭരണം മാറുമെന്നും പുതിയ സർക്കാരിൽ ലീഡറുടെ പാർട്ടി ഉണ്ടാകുമെന്നും ഓർക്കണമെന്നത്രേ മുരളിയുടെ ഉപദേശം. എട്ടുമാസം കഴിയുമ്പോൾ ഭരണം മാറുമെന്നും ഇടതുപക്ഷം അധികാരത്തിൽ എത്തുമെന്നും തീർച്ചയാണ്. പക്ഷേ, ആ സർക്കാരിൽ മുരളീധരന്റെ പാർട്ടി ഉണ്ടാകുമോ എന്ന് കണ്ടുതന്നെ അറിയണം. ഇടതുപക്ഷം കനിഞ്ഞില്ലെങ്കിൽ പുതിയ പാർട്ടിക്ക് നിയമസഭ കാണാൻ പോലും ഭാഗ്യമുണ്ടാകില്ലെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്.

സ്മാർട്ട് സിറ്റി പദ്ധതിയിൽ വലിയ അഴിമതിയുണ്ടെന്നും അതിന് ഉമ്മൻ ചാണ്ടിയേക്കൊണ്ട് അസംബ്ലിയിൽ സമാധാനം പറയിക്കുമെന്നുമാണ് മുരളീധരൻ പറയുന്നത്. ഇതുൾപ്പെടെ ആയിരം കോടിയിൽ അധികം വരുന്ന തുകയ്ക്കുള്ള അഴിമതി ഉമ്മൻ ചാണ്ടി ഈ ചുരുങ്ങിയ കാലംകൊണ്ട് നടത്തിയതായാണ് എം.പി.ഗംഗാധരൻ ആരോപിക്കുന്നത്. ഏതായാലും ഉമ്മൻ ചാണ്ടിക്ക് കഴിവില്ല എന്ന് ഇനി ആരും പറയില്ലല്ലോ.

ഇനി വരുന്ന സർക്കാർ ഉമ്മൻ ചാണ്ടിയെ തുറുങ്കിൽ അടയ്ക്കുമെന്നാണ് വി.എസ്.അച്യുതാനന്ദൻ പറയുന്നത്. മുഖ്യമന്ത്രിപ്പണി പോയാലും അഷ്ടിക്ക് മുട്ടുവരില്ലെന്ന് ഉറപ്പായി.

കോട്ടയവും കേരള കോൺഗ്രസ്സുമായി എന്താണ് ബന്ധം? എന്തോ ബന്ധമുണ്ടെന്ന് തീർച്ച. അല്ലെങ്കിൽ ശക്തി പ്രകടനത്തിന് കേരള കോൺഗ്രസ്സുകളെല്ലാം കോട്ടയം തിരഞ്ഞെടുക്കുമോ? ഈ ദിവസങ്ങളിൽ ഒന്നിനു പിറകെ ഒന്നായി കോട്ടയത്ത് കേരള കോൺഗ്രസ്സുകളുടെ സമ്മേളനങ്ങൾ പൊടിപൊടിക്കയാണ്. ഓരോ ലക്ഷം പ്രവർത്തകരെ ഇവരെല്ലാം പങ്കെടുപ്പിക്കുകയും ചെയ്യും. പണിയില്ലാതെ നടക്കുന്നവർക്ക് വട്ടച്ചെലവിനുള്ള കാശൊത്തു.

രാജഭരണം നിലനിന്നിരുന്ന കാലത്ത് രാജാവ് സകല നിയമത്തിനും അതീതനായിരുന്നു. രാജാവിന് എന്തും ആകാം. ചോദ്യം ചെയ്യുന്നവന്റെ തല കാണില്ല. രാജഭരണം ഇല്ലാതായിട്ടും പെന്തക്കോസ്തിൽ ഇതുതന്നെ സ്ഥിതി. നേതാക്കൻമാർക്ക് എന്തുമാകാം. വ്യഭിചാരം, മോഷണം, തട്ടിപ്പ് തുടങ്ങിയതൊക്കെ ചെയ്യാം. ഏതു നിയമവും ലംഘിക്കാം. ഒരു നടപടിയും ഉണ്ടാകില്ല. ആരും ചോദ്യം ചെയ്യുകയുമില്ല. മരണശേഷം സ്വർഗ്ഗം ലഭിച്ചില്ലെങ്കിലെന്ത്, ഇവരൊക്കെ ഈ ഭൂമിയിൽവെച്ചുതന്നെ സ്വർഗ്ഗീയ സുഖങ്ങൾ അനുഭവിക്കയല്ലേ.

സ്ക്കൂൾ തുറക്കുകയാണ്. കുട്ടികൾക്ക് ആവശ്യമായ പുസ്തകം, നോട്ട്ബുക്ക്, കുട, യൂണിഫോം തുടങ്ങിയതൊക്കെ വാങ്ങാൻ ആവശ്യമായ പണത്തിനായി സാധാരണക്കാരായ വിശ്വാസികളും ശുശ്രൂഷകൻമാരും നെട്ടോട്ടം ഓടുകയാണ്. പക്ഷേ, ഇന്ത്യയിലെ പട്ടിണിപ്പാവങ്ങളുടെ ഫോട്ടോ ഇന്റർനെറ്റിൽ പ്രസിദ്ധീകരിച്ച് പണമുണ്ടാക്കിയ ടി.എസ്.ഏബ്രഹാമും പുത്രൻ തമ്പുരാനും ചില്ലിക്കാശെങ്കിലും ഈ പട്ടിണിപ്പാവങ്ങൾക്കു കൊടുക്കുമോ? ഇല്ലെന്നു തീർച്ച.

ചാനൽ തുടങ്ങാനെന്ന പേരിൽ പിരിച്ച പണം കെ.സി. ജോണിന്റെ മകന് എം.ബി.ബി.എസ്സിന് അഡ്മിഷൻ എടുക്കാനെങ്കിലും ഉപകരിച്ചല്ലോ. സന്തോഷം. ചാനൽ എന്ന സ്വപ്നം വെറും സ്വപ്നമായി അവശേഷിക്കും എന്ന് വ്യക്തമായിക്കഴിഞ്ഞു. പിരിച്ചെടുത്ത പണം വെറുതെ കിടന്നതുകൊണ്ട് എന്തു ഫലം?

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.
ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 2592249, 9447414608

# സ്വർഗ്ഗങ്ങളും സ്വർഗ്ഗരാജ്യവും

സ്വർഗ്ഗം നമ്മുടെ തലയ്ക്കു മുകളിൽ – ആകാശത്ത് – സ്ഥിതിചെയ്യുന്നു എന്നാണ് പൊതുവെയുള്ള ധാരണ. എന്നാൽ മുകൾഭാഗം, അടിഭാഗം എന്നൊക്കെപ്പറയുന്നത് കേവലം ആപേക്ഷികമാണെന്ന സത്യം നാം ഓർക്കാറില്ല. നട്ടുച്ചനേരത്ത് നമ്മുടെ തലയ്ക്കുനേരെ മുകളിൽ കാണുന്ന സൂര്യൻ 12 മണിക്കൂർ കഴിയുമ്പോൾ ഈ ഭൂമിയുടെ അടിയിലായിരിക്കുമെന്ന കാര്യവും നാം മറന്നു പോകുന്നു. ചിലർക്ക് ഇത് വിശ്വസിക്കാനേ ആവില്ലതാനും. നാം രാത്രിയിൽ കാണുന്ന നക്ഷത്രങ്ങൾ പകൽ സമയത്തെവിടെ? ഭൂമിക്കടിയിൽ!

അമേരിക്ക, ഇന്ത്യാക്കാരെ സംബന്ധിച്ചിടത്തോളം ഭൂമിക്കടിയിലാണെന്നു പറഞ്ഞാൽ എത്രപേർ സമ്മതിച്ചുകൊടുക്കും? ശാസ്ത്രം ഇത്രത്തോളം പുരോഗമിച്ചിട്ടും ഇതൊക്കെ മനസ്സിലാക്കുവാൻ തക്ക അറിവ് ബഹുഭൂരിപക്ഷത്തിനുമില്ല. മനുഷ്യൻ ചന്ദ്രനിൽനിന്നുകൊണ്ട് ഭൂമിയുടെ ഫോട്ടോയെടുത്തു. ചന്ദ്രനിൽനിന്നു ഭൂമിയെ നോക്കുന്ന വ്യക്തി താഴേയ്ക്കോ മുകളിലേയ്ക്കോ നോക്കിയത്? ചന്ദ്രൻ അങ്ങു മുകളിൽ, ആകാശത്ത്, സ്ഥിതി ചെയ്യുന്നു. ചന്ദ്രനിൽ നിന്നു ഭൂമിയെ നോക്കിയാൽ ഭൂമി ആകാശത്ത്, ചന്ദ്രനേക്കാൾ വലിപ്പത്തിൽ, നിലാവു ചൊരിഞ്ഞുകൊണ്ട് നില്ക്കുന്നതു കാണാം. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ചന്ദ്രനിൽനിന്നും നോക്കുന്ന വ്യക്തിക്ക് ഭൂമി 'ഇമ്മിണി വല്ല്യ ചന്ദ്രൻ' ആണെന്നേ തോന്നൂ. ഭൂമിയിൽനിന്നു ചന്ദ്രനിലെത്താൻ മുകളിലേയ്ക്കുതന്നെ യാത്ര ചെയ്യണം. അങ്ങനെയെങ്കിൽ സ്വർഗ്ഗം മുകളിലാണെന്നു പറയുന്നതിലെന്തർത്ഥം?

സ്വർഗ്ഗം മുകളിലാണെന്ന് ബൈബിളിലില്ലെന്നു പറഞ്ഞാൽ മിക്കവർക്കും വിശ്വാസം വരികയില്ല. തിരുവചനത്തിലില്ലാത്ത എന്തെല്ലാം കാര്യങ്ങൾ നാം ഇങ്ങനെ വിശ്വസിച്ചു പോരുന്നു. യേശു പുൽക്കൂട്ടിൽ ജനിച്ചു, യേശു രാത്രിയിൽ ജനിച്ചു, മൂന്നു രാജാക്കന്മാർ യേശുവിനെ സന്ദർശിച്ചു, അവർ ഇന്ത്യാക്കാരായിരുന്നു, വലത്തേ കള്ളൻ മാനസാന്തരപ്പെട്ടു, മഗ്ദലന മറിയം വേശ്യയായിരുന്നു, യേശുവിന്റെ കാൽ കണ്ണീരുകൊണ്ടു കഴുകി തൈലം പൂശിയത് മഗ്ദലന മറിയമാണ്, ദൈവം ദുഷ്ടനെ പന പോലെ വളർത്തും, അവനവന്റെ വിശ്വാസം അവനവനെ രക്ഷിക്കും എന്നൊക്കെ ബൈബിളിലുണ്ടോ എന്നു നാം നോക്കാറില്ലല്ലോ. ദൈവവചനം വസ്തുനിഷ്ഠമായി പഠിപ്പിക്കുവാൻ നമുക്കു സമയമില്ല, മനസ്സുമില്ല. സാത്താൻ ഒരുക്കുന്ന കുരുക്കിൽ, ക്രിസ്ത്യാനികളെന്നു പേരുള്ള എത്രയോ ലക്ഷം ആളുകളാണ് വീണു കിടക്കുന്നത്! ശിശുസ്നാനം, മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന, മരിച്ചവരോടുള്ള പ്രാർത്ഥന, പൗരോഹിത്യം, കുമ്പസാരം, പെരുന്നാളുകൾ, നൊയമ്പ്, വിഗ്രഹ വണക്കം തുടങ്ങിയവയെല്ലാം ബൈബിളിലെ ചട്ടങ്ങൾക്കു വിരുദ്ധവും പൈശാചികവുമാണെന്ന് ദൈവവചനം പഠിച്ചിരുന്നെങ്കിൽ മനസ്സിലാകുമായിരുന്നു. പക്ഷേ, സാത്താൻ അതിനനുവദിക്കാറില്ല. സത്യം അറിഞ്ഞാൽ മനുഷ്യർ സാത്താന്റെ ബന്ധനത്തിൽനിന്നും രക്ഷപ്പെടും. അതിനിടയാകാതിരിക്കുവാൻ ആവശ്യമായതൊക്കെ സാത്താൻ ചെയ്യുന്നു.

സ്വർഗ്ഗം എവിടെ എന്ന ചോദ്യത്തിലേയ്ക്ക് മടങ്ങിവരാം. അതി പുരാതന കാലത്തെങ്ങോ ലൂസിഫർ എന്ന ദൈവദൂതൻ സ്വർഗ്ഗത്തിൽ കയറാൻ ശ്രമിച്ച കാര്യം യെശ. 14:13,14–ൽ ഉണ്ട്. ലൂസിഫർ പറഞ്ഞതിപ്രകാരമാണ്: "ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമ പർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കുമീതെ കയറും; ഞാൻ അത്യുന്നതനോട് സമനാകും." ദൈവദൂതനായ ലൂസിഫറിന് സ്വർഗ്ഗം എവിടെയാണെന്ന് നന്നായറിയാമായിരുന്നു. അവൻ പറയുന്നു: ഞാൻ സ്വർഗ്ഗത്തിൽ കയറും; മേഘങ്ങൾക്കും നക്ഷത്രങ്ങൾക്കും മീതേ, ഉത്തരദിക്കിന്റെ അതിർത്തിയിലുള്ള സമാഗമ പർവ്വതത്തിൽ ഞാൻ ഇരുന്നരുളും. ഞാൻ അത്യുന്നതനോട് സമനാകും.

സ്വർഗ്ഗം ഭൂമിയുടെ വടക്കാണ്. സ്വർഗ്ഗമെന്നത് ഭൂമിയേക്കാളും – ഭൂമിയുടെ ഭ്രമണപഥത്തേക്കാളും – വലുതായിരിക്കുമെന്നതിനാൽ ദിശയ്ക്കു മാറ്റം വരികയില്ല. ഭൂമി സൂര്യനുചുറ്റും കറങ്ങിക്കൊണ്ടിരിക്കുമ്പോഴും സ്വർഗ്ഗം ഭൂമിയുടെ വടക്കുണ്ടാകും. മേഘമണ്ഡലത്തിനും (അന്തരീക്ഷം), നക്ഷത്രമണ്ഡലത്തിനും (ശൂന്യാകാശം) അപ്പുറത്താണ് സ്വർഗ്ഗം. "കിഴക്കുനിന്നല്ല, പടിഞ്ഞാറുനിന്നല്ല, തെക്കുനിന്നുമല്ല ഉയർച്ചവരുന്നത്" (സങ്കീ. 75:6). കിഴക്ക്, പടിഞ്ഞാറ്, തെക്ക് ഇവ മൂന്നുമല്ലെങ്കിൽ വടക്കായിരിക്കുമല്ലോ. ന്യായാധിപതിയായ ദൈവം ഒരുത്തനെ ഉയർത്തുകയും ഒരുത്തനെ താഴ്ത്തുകയും ചെയ്യുന്നത് വടക്കുനിന്നുമാണ് (സങ്കീ. 75:6); കാരണം സ്വർഗ്ഗം വടക്കാണ്.

എന്നാൽ ദൈവത്തിന്റെ സിംഹാസനത്തിന്റെ (സ്വർഗ്ഗത്തിന്റെ) ദർശനം ദൈവം മനുഷ്യർക്കു മറച്ചിരിക്കയാണ്. "തന്റെ സിംഹാനത്തിന്റെ ദർശനം അവൻ മറച്ചുവയ്ക്കുന്നു; അതിന്മേൽ തന്റെ മേഘം വിരിക്കുന്നു" (ഇയ്യോ. 26:9). അതുകൊണ്ടാണ് നമുക്കു സ്വർഗ്ഗം കാണുവാൻ കഴിയാതിരിക്കുന്നത്. "ഉത്തരദിക്കിനെ അവൻ ശൂന്യത്തിന്മേൽ വിരിക്കുന്നു" (ഇയ്യോ. 26:7) എന്ന് പറഞ്ഞിരിക്കുന്നതിന്റെ രഹസ്യമിതാണ്. എന്നാൽ ദൈവം ചിലർക്ക് സ്വർഗ്ഗം തുറന്ന് ചില ദർശനങ്ങൾ കാണിച്ചിട്ടുമുണ്ട്. യെഹ. 1;1; മർക്കോ. 1:10; യോഹ. 1:51; പ്രവൃ. 7:56; 10:11; വെളി. 4:1; 11:19; 19:11 എന്നിവ നോക്കുക. പൗലോസ് മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെടുകയും ചെയ്തു (2 കൊരി. 12:2–4).

സ്വർഗ്ഗങ്ങൾ എത്ര?

സ്വർഗ്ഗം ഒന്നേയുള്ളൂ എന്ന് ഭൂരിപക്ഷം ക്രിസ്ത്യാനികളും വിശ്വസിക്കുന്നു. ഏഴു സ്വർഗ്ഗങ്ങളെക്കുറിച്ച് ഹൈന്ദവ ഗ്രന്ഥങ്ങൾ പറയുന്നു. എന്നാൽ ബൈബിളിൽ എത്ര സ്വർഗ്ഗങ്ങളെക്കുറിച്ച് പരാമർശമുണ്ട്? "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉല്പ. 1:1) എന്ന ഭാഗത്ത് 'സ്വർഗ്ഗം' എന്ന വാക്ക് 'shamayim' ആണ്. 'സ്വർഗ്ഗങ്ങൾ' എന്നാണീ വാക്കിന്റെ അർത്ഥം. സ്വർഗ്ഗം ഒന്നിലധികമുണ്ടെന്ന സത്യത്തിലേയ്ക്ക് ഈ വാക്ക് വിരൽ ചൂണ്ടുന്നു. പൗലോസ് മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു (2 കൊരി. 12:2–4) എന്നു പറയുന്നതിൽനിന്നും സ്വർഗ്ഗം കുറഞ്ഞപക്ഷം മൂന്നെങ്കിലും ഉണ്ടെന്നും തെളിയുന്നു (മൂന്നിലധികം സ്വർഗ്ഗത്തെക്കുറിച്ച് ബൈബിളിൽ പറയുന്നുമില്ല).

ഏതാണീ മൂന്നു സ്വർഗ്ഗങ്ങൾ? ലൂസിഫർ പറഞ്ഞ വാചകങ്ങളിൽ നിന്ന് ഇതു ഗ്രഹിക്കാം. ഭൂമിയിൽനിന്നുള്ള ക്രമമനുസരിച്ച് ആ വാചകങ്ങൾ ക്രമീകരിച്ചാൽ ഇപ്രകാരമായിരിക്കും: "ഞാൻ സ്വർഗ്ഗത്തിൽ കയറും; ഞാൻ മേഘോന്നതങ്ങൾക്കുമീതെ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും. ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിനുമീതെ ഞാൻ ഇരുന്നരുളും. ഞാൻ അത്യുന്നതനോടു സമനാകും."

മൂന്നു സ്വർഗ്ഗങ്ങൾ ഇവയാണ്.

1. മേഘമണ്ഡലം (അന്തരീക്ഷം)
2. നക്ഷത്ര മണ്ഡലം (ശൂന്യാകാശം)
3. പറുദീസാ (സമാഗമ പർവ്വതം)

മൂന്നാം സ്വർഗ്ഗമാണ് പറുദീസ എന്ന് പൗലോസ് വ്യക്തമാക്കുന്നുണ്ടല്ലോ (2 കൊരി. 12:2–4). ആകാശമെന്ന അർത്ഥത്തിൽ 'സ്വർഗ്ഗം' എന്ന വാക്ക് ബൈബിളിൽ പലവട്ടം ഉപയോഗിക്കുവാൻ കാരണം ആകാശം സ്വർഗ്ഗമാകയാലത്രെ.

സ്വർഗ്ഗം ശൂന്യമല്ല

സ്വർഗ്ഗമെന്നത് ഒരു ശൂന്യസ്ഥലമാണെന്ന ധാരണയും ശരിയല്ല. എബ്രാ. 12:22–24 ശ്രദ്ധിക്കുക. "പിന്നെയോ സീയോൻ പർവ്വതത്തിനും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരുശലേമിനും അനേകായിരം ദൂതന്മാരുടെ സർവ്വസംഘത്തിനും സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയ്ക്കും സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹ രക്തത്തിനും അടുക്കലത്രേ നിങ്ങൾ വന്നിരിക്കുന്നത്." ഇവിടെ പറയുന്ന സീയോൻ പർവ്വതം വെളി. 14:1–ലെ സ്വർഗ്ഗീയ സീയോനാണ്. സ്വർഗ്ഗീയ യെരുശലേം അവിടെയാണല്ലോ. സ്വർഗ്ഗത്തിൽ അനേകായിരം ദൂതന്മാരുണ്ട്; ആദ്യജാതന്മാരുടെ സഭയുണ്ട്; സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കളുമുണ്ട്. മരണം കാണാതെ എടുക്കപ്പെട്ട ഹാനോക്കും ഏലിയാവും അവിടെയുണ്ടാകും.

സ്വർഗ്ഗീയ കൗൺസിൽ

സ്വർഗ്ഗത്തിൽ ഒരു കോടതി അഥവാ കൗൺസിൽ നിരന്തരം സമ്മേളിച്ചുകൊണ്ടിരിക്കയാണ്. ഇയ്യോബിനെ പരീക്ഷിക്കുവാൻ സാത്താൻ അനുവാദം നേടിയത് ഈ കോടതിയിൽ നിന്നാണ് (ഇയ്യോബ്. 1,2). നെബുഖദ്നേസർ രാജാവിനെ പുല്ലു തീറ്റുവാൻ തീരുമാനിച്ചതും ഈ കൗൺസിൽ തന്നെ (ദാനി. 4:17). ആഹാബ് രാജാവിനെ ഗിലയാദിലെ രാമോത്തിൽ കൊണ്ടുവന്ന് കൊല്ലുവാൻ തീരുമാനിച്ചതെങ്ങനെയെന്നറിയുവാൻ 1 രാജാ. 22:19–23 നോക്കുക.

പത്രോസിനെ ഗോതമ്പുപോലെ പാറ്റി നോക്കുവാൻ സാത്താൻ അനുവാദം ചോദിച്ചപ്പോൾ കർത്താവ് പത്രോസിനു വേണ്ടി പിതാവിനോടപേക്ഷിച്ച സംഭവം (ലൂക്കോ. 22:31,32) ഈ വിഷയത്തോടുള്ള ബന്ധത്തിൽ ശ്രദ്ധിക്കുക. ഈ കോടതിയിലാണ് യേശു നമുക്കുവേണ്ടി പിതാവിനോട് പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നത്. മഹാപുരോഹിതനായ യോശുവ മുഷിഞ്ഞ വസ്ത്രം ധരിച്ചുകൊണ്ടു നിന്നപ്പോൾ അവനെ കുറ്റം ചുമത്താൻ സാത്താൻ എത്തി (സെഖ. 3:1–4). നമ്മുടെ ജീവിതത്തിലുണ്ടാകുന്ന ചെറിയ തെറ്റുകളും കുറ്റങ്ങളുംപോലും സാത്താൻ ഇപ്രകാരം ദൈവമുമ്പാകെ കൊണ്ടുവരുമെന്നു മറക്കരുത്. യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചതിനാൽ, അവന്റെ രക്തത്തിലൂടെ നമുക്കു ലഭിച്ച നീതീകരണത്തിലാശ്രയിച്ചു നാം രക്ഷപ്പെടുകയാണ്. നമ്മുടെ വിഷയവുമായി ബന്ധമില്ലാത്തതുകൊണ്ട് ഈ കാര്യം വിശദീകരിക്കുന്നില്ല.

സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും

സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും ഒന്നാണെന്നു തെറ്റിദ്ധരിച്ചിട്ടില്ലാത്തവർ ചുരുക്കമാണ്. "സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ നിനക്കു തരുന്നു" എന്ന് കർത്താവ് പത്രോസിനോടു പറഞ്ഞ ഭാഗം "സ്വർഗ്ഗത്തിന്റെ താക്കോൽ ഞാൻ നിനക്കുതരുന്നു" എന്ന അർത്ഥത്തിലാണ് കത്തോലിക്ക സഭ പഠിപ്പിക്കുന്നത്. അതുകൊണ്ട് ഈ വിഷയംകൂടി അല്പം വിശദീകരിക്കട്ടെ.

സ്വർഗ്ഗരാജ്യം എന്നാൽ സ്വർഗ്ഗമെന്നല്ല അർത്ഥം. സ്വർഗ്ഗരാജ്യം എന്ന പ്രയോഗം മത്തായിയുടെ സുവിശേഷത്തിൽ മാത്രമേയുള്ളൂ. അതുകൊണ്ട് മത്തായിയുടെ സുവിശേഷം മുഴുവൻ ഒരുവട്ടം വായിക്കുക. അപ്പോൾ മനസ്സിലാകും, സ്വർഗ്ഗരാജ്യത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സ്വർഗ്ഗത്തിനു യോജിക്കില്ലെന്ന്.

മറ്റു സുവിശേഷങ്ങളിൽ "ദൈവരാജ്യം" എന്നു പ്രയോഗിച്ചിരിക്കുന്ന വാക്കു തന്നെയാണ് "സ്വർഗ്ഗരാജ്യം" എന്ന്, മത്തായിയുടെ സുവിശേഷം മറ്റു സുവിശേഷങ്ങളുമായി താരതമ്യം ചെയ്തു പഠിച്ചാൽ മനസ്സിലാക്കാം. ദൈവരാജ്യത്തെക്കുറിച്ച് മറ്റു സുവിശേഷങ്ങളിൽ പറയുന്ന അതേ കാര്യങ്ങൾ സ്വർഗ്ഗരാജ്യത്തെക്കുറിച്ച് മത്തായി പറയുന്നു.

ദൈവരാജ്യം എന്ന വാക്ക് മത്തായി വളരെ ചുരുക്കമായി മാത്രം ഉദ്ധരിക്കുവാൻ കാരണമെന്തേ? മത്തായി എന്തിന് ദൈവരാജ്യത്തെ കഴിയുന്നത്ര സ്വർഗ്ഗരാജ്യമാക്കി?

നാലു സുവിശേഷകരും നാലു തരത്തിലുള്ള ആൾക്കാരെ മുൻപിൽ കണ്ടുകൊണ്ടാണ് സുവിശേഷമെഴുതിയത്. മത്തായി യഹൂദന്മാർക്കു വേണ്ടി യേശുവിന്റെ ചരിത്രം, അവർക്കു രസിക്കുന്നവിധം എഴുതി. മറ്റുള്ളവർക്കു മുഷിപ്പായി തോന്നാനിടയുള്ള വംശാവലി, സുവിശേഷത്തിന്റെ ആരംഭത്തിൽത്തന്നെ മത്തായി ചേർത്തത് യഹൂദന്മാരെ ആകർഷിക്കാനാണ്. യഹൂദന്മാർക്ക് വംശാവലി വളരെ പ്രിയമുള്ളതായിരുന്നു. മണിക്കൂറുകളോളം വംശാവലി വായിച്ചാലും അവർ മുഷിയില്ല. 1 ദിന. 1–ാം അദ്ധ്യായം മുതൽ 9–ാം അദ്ധ്യായം വരെ വംശാവലിയെഴുതിയിരിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല.

യേശു അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനാണ് എന്ന് തെളിയിച്ചിരിക്കുന്നതും ഇക്കാരണത്താലത്രേ. യേശു ദാവീദിന്റെ സന്തതിയല്ലെങ്കിൽ മിശിഹായാകുവാൻ കഴിയുന്നതല്ല. യേശുവിനെ തേടിയെത്തിയ വിദ്വാന്മാർ, യഹൂദന്മാരുടെ രാജാവായി പിറന്നവനെ അന്വേഷിച്ച സംഭവം മത്തായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

യേശുവിന്റെ ജീവിതത്തിലെ ഓരോ സംഭവവും പഴയനിയമത്തിലെ പ്രവചനമനുസരിച്ചാണ് നടന്നതെന്നു ചൂണ്ടിക്കാണിക്കുവാനും മത്തായി മറക്കുന്നില്ല. മിശിഹാ കന്യകയുടെ പുത്രനായിരിക്കും (യെശ. 7:14), ബേത്ത്ലഹേമിൽ ജനിക്കും (മീഖാ. 5:2), മിസ്രയീമിലേയ്ക്ക് ഓടിപ്പോകും (ഹോശയ. 11:1), ശിശുവധമുണ്ടാകും (യെര. 31:15) എന്നിവ മാത്രമല്ല, പഴയനിയമകാലത്ത് നിലവിലില്ലാതിരുന്ന നസറേത്ത് എന്ന പട്ടണത്തിൽ യേശു വളരുമെന്നുവരെ പ്രവചനമുണ്ടെന്നു ചൂണ്ടിക്കാണിച്ചു. യെശ. 11:1–ലെ "കൊമ്പ്" എന്നതിന് എബ്രായ ഭാഷയിൽ nezer എന്ന വാക്കാണുപയോഗിച്ചിരിക്കുന്നതെന്ന സത്യം അറിയാവുന്ന യഹൂദന്മാർക്ക് അവൻ നസ്രായൻ എന്നു വിളിക്കപ്പെടുമെന്നു പറഞ്ഞതിന്റെ പൊരുൾ മനസ്സിലായി. ഇങ്ങനെ, യഹൂദന്മാരെ മുന്നിൽ കണ്ടുകൊണ്ടു സുവിശേഷമെഴുതിയ മത്തായി, ദൈവരാജ്യത്തെ സ്വർഗ്ഗരാജ്യമാക്കിയതിൽ അത്ഭുതമില്ല.

"ദൈവത്തിന്റെ നാമം വൃഥാ എടുക്കരുത്" എന്ന കല്പന അതി ഗൗരവമായി കണക്കിലെടുത്ത യഹൂദന്മാർ ദൈവമെന്ന പേരുതന്നെ ഉച്ചരിക്കുവാൻ ഭയപ്പെട്ടു. 'ദൈവം' എന്നതിനുപകരമായി 'കർത്താവ്' എന്നവർ ഉപയോഗിച്ചു. പഴയനിയമത്തിൽ 'യഹോവ' എന്ന് എഴുതിയിരിക്കുന്ന ഭാഗമെല്ലാം പുതിയനിയമത്തിൽ കർത്താവെന്നാക്കി മാറ്റിയിരിക്കുന്നതും ശ്രദ്ധിക്കുക. ദൈവനാമത്തെ ഇത്രമാത്രം ഭയപ്പെട്ടിരുന്ന യഹൂദന്മാർക്കുവേണ്ടി സുവിശേഷമെഴുതിയപ്പോൾ മത്തായി ദൈവരാജ്യം എന്നത് സ്വർഗ്ഗരാജ്യമെന്നാക്കിയെന്നേയുള്ളൂ. ദൈവം എന്ന അർത്ഥത്തിൽ സ്വർഗ്ഗം എന്നുപയോഗിക്കുമല്ലോ. "ദൈവമേ കേൾക്കേണമേ" എന്നു പറഞ്ഞാലും മതിയാകും. "ദൈവം എല്ലാം കാണുന്നു" എന്ന അർത്ഥം തന്നെ "സ്വർഗ്ഗം എല്ലാം കാണുന്നു" എന്നു പറഞ്ഞാലും ഉണ്ടാകുമല്ലോ. അതുകൊണ്ട് ദൈവരാജ്യം എന്നതു തന്നെയാണ് സ്വർഗ്ഗരാജ്യം എന്നു മനസ്സിലാക്കണം.

പത്രോസിനു ലഭിച്ചത് സ്വർഗ്ഗത്തിന്റെ താക്കോലല്ല, സ്വർഗ്ഗരാജ്യത്തിന്റെ (ദൈവരാജ്യത്തിന്റെ) താക്കോലാണ്. സ്വർഗ്ഗത്തിനു താക്കോലുണ്ടോ എന്നറി

(പേജ് 7............)

# നിഴലും പൊരുളും കുറെ പ്രശ്നങ്ങളും

നിഴലും പൊരുളും പ്രസംഗകരുടെ ഇഷ്ട വിഷയമാണ്. പ്രസംഗകന് തനിക്കിഷ്ടമുള്ള വിധത്തിൽ ദൈവവചനം വ്യാഖ്യാനിക്കാനും വളച്ചൊടിക്കാനും ഈ വ്യാഖ്യാനരീതി സഹായിക്കുന്നു.

പഴയ നിയമം നിഴലും പുതിയ നിയമം പൊരുളും ആണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, നിഴലിൽ കാണുന്ന ചെറിയ കാര്യങ്ങൾക്കു പോലും പൊരുൾ തേടാൻ ശ്രമിച്ചാൽ അത് ദുർവ്യാഖ്യാനങ്ങൾക്കു വഴിവെയ്ക്കുമെന്നതിൽ സംശയമില്ല. സമാഗമന കൂടാരവുമായി ബന്ധപ്പെട്ട് ചിലർ നടത്തുന്ന വ്യാഖ്യാനങ്ങൾ തന്നെ നല്ല ഉദാഹരണം.

ബൈബിൾ ബൈബിൾ കൊണ്ടുതന്നെ വ്യാഖ്യാനിച്ചാൽ മിക്ക വ്യാഖ്യാന പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ കഴിയില്ല. സന്ദർഭത്തിൽ നിന്നും വാക്യങ്ങൾ അടർത്തിയെടുത്ത് വ്യാഖ്യാനിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ചില ഉദാഹരണങ്ങൾ കൊണ്ട് ഇതു വ്യക്തമാക്കാം.

ഇസ്രായേൽ ജനം ചെങ്കടലിൽ കൂടി കടന്നത് സ്നാനത്തിനു മുന്നോടി ആയിരുന്നു. കാരണം പൗലോസ് തന്നെ ഈ സംഭവം സ്നാനത്തോടുള്ള ബന്ധത്തിൽ ചൂണ്ടികാണിക്കുന്നുണ്ട്. പെസഹാ കുഞ്ഞാട് യേശു ക്രിസ്തു ആണെന്നും പൗലോസ് വ്യക്തമാക്കുന്നു. ഇസ്രായേൽ ജനം ഭക്ഷിച്ച മന്ന യേശു ക്രിസ്തുവിന്റെ നിഴലായിരുന്നു. അടിക്കപ്പെട്ട പാറയും യേശു തന്നെ. ഇതൊക്കെ പുതിയ നിയമത്തിൽ വ്യക്തമായി പറയുന്നുണ്ട്. അതുകൊണ്ട് നമുക്കു ധൈര്യമായി എവിടെയും പ്രസംഗിക്കാം.

ഗോല്യാത്തിനെ നേരിടാനായി പുറപ്പെട്ട ദാവിദ് നദിയിൽ നിന്നും അഞ്ചു കല്ലെടുത്തു എന്നത് ശരി തന്നെ. പക്ഷേ, ഈ അഞ്ചു കല്ലുകൾ സ്നേഹം, വിശ്വാസം, പ്രത്യാശ തുടങ്ങി എന്തെങ്കിലുമൊക്കെ ആണെന്ന് വ്യാഖ്യാനിക്കാൻ തിരുവചനത്തിൽ ആധാരമില്ല. ദൈവകൃപയിൽ ആശ്രയിച്ച് സാത്താനെ നേരിടുന്ന വിശ്വാസിയുടെ പ്രതീകമാണ് ദാവീദ്. ശത്രു എത്ര ശക്തനായിരുന്നാലും ദൈവകൃപയിൽ ആശ്രയിച്ച് പടവെട്ടുന്ന ഈ വിശ്വാസിയ്ക്ക് വിജയിക്കാൻ കഴിയും. പഴയ നിയമത്തിലെ ശത്രു സാത്താന്റെ നിഴലാണ്. ശത്രുവിനെതിരായി സങ്കീർത്തനങ്ങളിലും മറ്റും കാണുന്ന ശാപവചനങ്ങൾ പുതിയനിയമ വിശ്വാസികളുടെ ശത്രുവായ സാത്താനെതിരെ ഉള്ളതായി പരിഗണിക്കണം. നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ലായെന്ന വസ്തുത മറക്കരുത്.

പഴയ നിയമത്തിൽ കാണുന്ന അനുഗ്രഹങ്ങളും ശാപങ്ങളും പുതിയ നിയമ വിശ്വാസികൾക്ക് അക്ഷരാർത്ഥത്തിൽ തന്നെ ബാധകമാണെന്ന് സമൃദ്ധിയുടെ സുവിശേഷക്കാർ പഠിപ്പിക്കാറുണ്ട്. പക്ഷേ, ഈ വ്യാഖ്യാനത്തിന് പുതിയ നിയമത്തിൽ ആധാരമില്ല. പഴയ നിയമത്തിലെ അനുഗ്രഹങ്ങളും ശാപങ്ങളും ആത്മീയ അർത്ഥത്തിൽ വേണം പുതിയ നിയമ വിശ്വാസി പരിഗണിക്കേണ്ടത്. ന്യായ പ്രമാണം നിഴലും പുതിയ നിയമം പൊരുളും ആണ് എന്ന വസ്തുത മറക്കാതിരിക്കുക.

ന്യായപ്രമാണത്തിലെ ചട്ടങ്ങളും വിധികളും പുതിയ നിയമ വിശ്വാസികൾ പാലിക്കേണ്ടതാണ് എന്ന ധാരണയും ശരിയല്ല. പത്തു കല്പനകൾ ഉൾപ്പെടെ പഴയ നിയമത്തിലുള്ള ഒരു നിയമവും പുതിയ നിയമ വിശ്വാസികൾക്ക് ബാധകമല്ല. പുതിയ നിയമത്തിലുള്ള കല്പനകൾ മാത്രം പുതിയ നിയമ വിശ്വാസി അനുസരിച്ചാൽ മതിയാകും.

പുതിയ നിയമം പൊരുളാണ് എന്നു നാം കണ്ടു കഴിഞ്ഞു. പക്ഷേ, പൊരുളിനെ നിഴലായി പരിഗണിച്ച് വ്യാഖ്യാനിക്കുന്ന വിരുതന്മാരും കുറവല്ല. പൗലോസ് സഞ്ചരിച്ച കപ്പൽ തകർന്നതും യാത്രക്കാർ രക്ഷപ്പെട്ട് ദ്വീപിൽ എത്തിയതും മറ്റും വിശ്വാസ ജീവിതത്തിന്റെ നിഴലായി പരിഗണിച്ച് ചിലർ വ്യാഖ്യാനിക്കാറുണ്ട്. അത്തരക്കാർ ഈശാനമൂലനുനൽകിയ വ്യാഖ്യാനത്തിന്റെ മറപിടിച്ചാണ് പലരും അനുഭവ സാക്ഷ്യത്തിന് ഈശാനമൂലന്റെ മേമ്പൊടി ചേർക്കുന്നത്. പക്ഷവാതക്കാരനെ ചുമന്നുകൊണ്ടു വന്ന സഹായികൾക്കു വരെ പൊരുൾ തേടുന്നവർ ഉണ്ടെന്നു പറയുമ്പോൾ ദുർവ്യാഖ്യാനത്തിന്റെ തോത് ഊഹിക്കാൻ കഴിയുമല്ലോ.

യേശു പറഞ്ഞ ഉപമകൾ വളരെയധികം ദുർ വ്യാഖ്യാനം ചെയ്യപ്പെടാറുണ്ട്. നല്ല ശമര്യാക്കാരന്റെ കഥ തന്നെ നല്ല ഉദാഹരണം. യെരുശലേമിൽ നിന്ന് യെരിഹോയിലേയ്ക്ക് പോയത്, വിശ്വാസ ജീവിതത്തിൽ നിന്നുള്ള പിന്മാറ്റമാണത്രേ. കള്ളന്മാരുടെ കൈയ്യിൽ അകപ്പെട്ടു എന്നു പറഞ്ഞാൽ സാത്താന്റെ കയ്യിലകപ്പെട്ടു എന്നത്രേ അർത്ഥം. ലേവ്യനും പുരോഹിതനും സഹായിക്കാതെ പോയത് പാപിയെ രക്ഷിക്കാൻ പൗരോഹിത്യത്തിന് കഴിയില്ല എന്നതിന്റെ തെളിവായും വ്യാഖ്യാനിക്കുന്നു. നല്ല ശമര്യാക്കാരൻ യേശു എന്ന പരിശുദ്ധാത്മാവ്, സത്രം ദൈവസഭ, രണ്ടു വെള്ളിക്കാശ്, പഴയ നിയമവും പുതിയ നിയമവും ഇങ്ങനെ വ്യാഖ്യാനം പുരോഗമിക്കുന്നു. നല്ല അയൽക്കാരൻ ആര് എന്ന് വ്യക്തമാക്കുവാൻ യേശു പറഞ്ഞ ഈ സംഭവ കഥയ്ക്ക് ഇത്തരത്തിലുള്ള വ്യാഖ്യാനം കൊടുക്കുന്നവരുടെ ഭാവനാവിലാസം അത്ഭുതകരം തന്നെ. ശമര്യാക്കാരെ തൊട്ടുകൂടാത്തവരായി കണ്ടിരുന്ന യഹൂദർക്ക് ഈ കഥയുടെ പൊരുൾ വ്യാഖ്യാനം കൂടാതെ തന്നെ മനസ്സിലാക്കുമായിരുന്നു.

യേശു പറഞ്ഞ ഉപമകൾ അതീവ ശ്രദ്ധയോടെ വ്യാഖ്യാനിക്കേണ്ടതാണ്. പത്തു കന്യകമാരുടെ ഉപമയിലെ കന്യകമാർ മണവാട്ടികൾ ആണോ? ഒരു മണവാളൻ മാത്രമേ ഈ കഥയിലുള്ളൂ. പത്തു കന്യകമാർ മണവാട്ടിമാർ ആണെങ്കിൽ ആ മണവാളൻ പത്തു മണവാട്ടിമാരെ ഒന്നിച്ചു വിവാഹം കഴിക്കാനെത്തുകയാണ് എന്നു വ്യാഖ്യാനിക്കേണ്ടിവരും. യെഹൂദ വിവാഹങ്ങളുടെ നടപടി ക്രമങ്ങൾ പഠിച്ചിരുന്നെങ്കിൽ ഈ ദുർവ്യാഖ്യാനം ഒഴിവാക്കാമായിരുന്നു.

മുടിയൻ പുത്രന്റെ കഥയിലെ പന്നികൾ പിന്മാറ്റക്കാർ ആണോ? ദൂര ദേശത്തിലെ പൗരൻ സാത്താനാണോ? പലരും ജീവിതത്തിൽ ആണ് വ്യാഖ്യാനിക്കുന്നത്. മടങ്ങിവന്ന മകനെ പിതാവ് അങ്കി അണിയിക്കുന്നു. കാലിന് ചെരിപ്പ് നൽകുകയും വിരലിന് മോതിരം നൽകുകയും ചെയ്യുന്നുണ്ട്. നീതി എന്ന അങ്കി സമാധാന സുവിശേഷത്തിനായുള്ള ഒരുക്കമെന്ന പെരിപ്പ് കൃപാവരമാകുന്ന മോതിരം എന്നൊക്കെയുള്ള വ്യാഖ്യാനത്തിന് തിരുവചനത്തിൽ ആധാരമുണ്ടോ? വിശ്വാസിയെ പടയാളിയായി സങ്കൽപ്പിച്ചുകൊണ്ട് പൗലോസ് പറയുന്ന കാര്യങ്ങൾ മുടിയൻ പുത്രന് യോജിക്കുമോ?

സന്ദർഭത്തിൽ നിന്നും അടർത്തിയെടുത്ത് ഉപമകൾ വ്യാഖ്യാനിച്ചാൽ ഉണ്ടാകുന്ന അപകടങ്ങൾ ആണ് ഇതൊക്കെ. ഉപമകൾ പറയാൻ ഇടയായ സാഹചര്യം എന്ത് എന്ന് പരിശോദിച്ചാൽ ദുർവ്യാഖ്യാനങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയും. യേശുവിന്റെ കാലത്തെ പലസ്തീൻ നാട്ടിൽ നിലനിന്നിരുന്ന വിശ്വാസാചാരങ്ങൾ മനസിലാക്കേണ്ടതും ആവശ്യം തന്നെ. നിഴലും പൊരുളും വ്യാഖ്യാനിച്ച് വേദ പണ്ഡിതൻ ചമയാനുള്ള ശ്രമം ഉപേക്ഷിക്കുകയും വേണം. ദൈവവചനത്തിന്റെ പരിധിയിൽ ഒതുങ്ങി നിന്നുകൊണ്ടു മാത്രം തിരുവചനം പ്രസംഗിക്കണം. ഇങ്ങനെയൊക്കെ ചെയ്താൽ ഭൂരിപക്ഷം ദുർവ്യാഖ്യാനങ്ങളും ഒഴിവാക്കുവാൻ കഴിയും.

# ഡിഫെൻഡർ മറുപടി പറയുന്നു

? ക്രൈസ്തവ സഭകളുടെ ഐക്യത്തിന് പുതിയ മാർപാപ്പ നടത്തിയ ആഹ്വാനം ഏറെ ജന ശ്രദ്ധ നേടുകയുണ്ടായി. ഇതേപ്പറ്റി ഡിഫെൻഡറിന് എന്താണ് പറയാനുള്ളത്?

■ ക്രൈസ്തവസഭകളുടെ ഐക്യത്തിന് മാർപാപ്പ ആഹ്വാനം നടത്തിയെന്നത് ശരിയാണ്. പക്ഷേ ഇത്തരം ഒരു ആഹ്വാനത്തിൽ പുതുമയൊന്നും ഇല്ലായെന്നതാണ് വസ്തുത.

മാർപാപ്പ വിഭാവനം ചെയ്യുന്ന ഐക്യം ഏതുവിധത്തിലുള്ളതാണ്? അത് അറിയണമെങ്കിൽ സഭയെക്കുറിച്ച് കത്തോലിക്ക സഭയുടെ നിലപാട് എന്തെന്ന് അറിയണം. പത്രോസാകുന്ന പാറമേലാണ് ദൈവസഭ പണിയപ്പെട്ടിരിക്കുന്നത് എന്നത്രേ കത്തോലിക്ക സഭയുടെ വിശ്വാസം. സ്വർഗ്ഗത്തിന്റെ താക്കോൽ പത്രോസിന്റെ കൈവശമാണെന്നും കത്തോലിക്ക സഭ പഠിപ്പിക്കുന്നു. പത്രോസിന്റെ പിൻഗാമിയായ മാർപാപ്പയെ സഭയുടെ തലവനായി അംഗീകരിക്കാത്ത ആർക്കും സ്വർഗ്ഗത്തിൽ പ്രവേശനം ലഭിക്കയില്ല. സഭകളുടെ ഐക്യത്തിനായി മാർപാപ്പ ആഹ്വാനം നടത്തുമ്പോൾ മാർപാപ്പയെ സഭയുടെ തലവനായി അംഗീകരിച്ചുകൊണ്ടുള്ള ഐക്യമാണ് ലക്ഷ്യമിടുന്നത്. ഇത് എത്രത്തോളം അപകടകരമായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

ഇവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ഒരു കൂട്ടം മലങ്കര ക്രിസ്ത്യാനികൾ കത്തോലിക്ക സഭയുമായി ഐക്യപ്പെട്ട സംഭവം ഉദാഹരണമായി എടുക്കാം. റോമൻ കത്തോലിക്ക സഭയുടെ പ്രധാനപ്പെട്ട വിശ്വാസാചാരങ്ങൾ എല്ലാം മലങ്കര ക്രിസ്ത്യാനികൾക്ക് അംഗീകരിക്കേണ്ടതായി വന്നു. വേഷത്തിലും ആരാധനാക്രമത്തിലും ഓർത്തഡോക്സുകാരാണെങ്കിലും, വിശ്വാസാചാരങ്ങളിൽ മലങ്കര റീത്ത് കത്തോലിക്ക സഭയാണ്. മാർപാപ്പയുടെ ആഹ്വാനം കേട്ട് ഐക്യപ്പെടാൻ ഇറങ്ങിത്തിരിക്കുന്നവർ ഈ വസ്തുത അറിഞ്ഞിരുന്നാൽ നന്ന്.

ക്രിസ്തുമതവും ദൈവസഭയും തമ്മിലുള്ള വ്യത്യാസം ദൈവമക്കൾ പോലും മറന്നു പോകാറുണ്ട് എന്ന് ദു:ഖത്തോടെ പറയട്ടെ. ഇന്ത്യയിൽ മൂന്നുശതമാത്തോളം ക്രിസ്ത്യാനികളേയുള്ളൂ എന്നും മറ്റും പറഞ്ഞ് വിലപിക്കുന്നവർ ഈ മൂന്നു ശതമാനത്തിന്റെ നൂറിൽ ഒരംശത്തിൽ താഴെയാണ് യഥാർത്ഥ ക്രിസ്ത്യാനികളുടെ സംഖ്യ എന്ന വസ്തുത പരിഗണിക്കാറില്ല.

ക്രൈസ്തവർക്ക് ഭൂരിപക്ഷമുള്ള രാജ്യങ്ങളുടെ സ്ഥിതിയും ഇതുതന്നെ. യൂറോപ്യൻ രാജ്യങ്ങളിൽ മിക്കതിലും ക്രൈസ്തവർക്ക് ഭൂരിപക്ഷമുണ്ട്. പക്ഷേ, ഈ രാജ്യങ്ങളിൽ വീണ്ടും ജനനം പ്രാപിച്ച എത്ര ക്രിസ്ത്യാനികളുണ്ട്? സത്യ സുവിശേഷം പ്രസംഗിക്കുവാനുള്ള സ്വാതന്ത്ര്യം ഈ രാജ്യങ്ങളിലുണ്ടോ? ഇതൊന്നും നാം ആലോചിക്കാറില്ല.

ത്രിത്വോപദേശത്തിന്റെ വിഷയത്തിൽ കത്തോലിക്ക സഭക്ക് തെറ്റിയിട്ടില്ലെന്നു പറയാം. അതുപോലെ, ഗർഭഛിദ്രം, ജനന നിയന്ത്രണം, വിവാഹമോചനം, സ്വവർഗ്ഗ വിവാഹം തുടങ്ങിയ സദാചാര പ്രശ്നങ്ങളിലും കത്തോലിക്കാസഭയുടെ നിലപാട് ദൈവമക്കൾക്ക് സ്വീകാര്യമാണ്. പക്ഷേ, രക്ഷ, സ്നാനം, പരിശുദ്ധാത്മ നിറവ്, തിരുവത്താഴം, ആരാധന, മരണാനന്തര ജീവിതം തുടങ്ങിയ സുപ്രധാന വിഷയങ്ങളിൽ കത്തോലിക്കാസഭയുടെ പഠിപ്പിക്കൽ വചന വിരുദ്ധമാണ്. രക്ഷയെ ബാധിക്കുന്ന ദുരുപദേശങ്ങളാണ് അവർ പഠിപ്പിക്കുന്നത്. ഇവയുമായി പൊരുത്തപ്പെടാൻ ദൈവമക്കൾക്ക് സാദ്ധ്യമല്ല. ഇത്തരം സമുദായങ്ങളുമായി ദൈവമക്കൾ സഹകരിക്കണം എന്നു വാദിക്കുന്നവർ സാത്താന്റെ ഉപദേശമാണ് പഠിപ്പിക്കുന്നത്. ആകയാൽ ദൈവജനം സൂക്ഷിക്കുക.

കർത്താവിന്റെ വരവിനു മുന്നോടിയായി നടക്കേണ്ട സംഭവങ്ങളിൽ ഒന്നാണ് വ്യാജ ക്രൈസ്തവ സഭകളുടെ ഐക്യം. റോമൻ കത്തോലിക്ക സഭയുടെ കീഴിൽ നാമധേയ ക്രൈസ്തവ വിഭാഗങ്ങൾ അണിനിരക്കും (വെളി. 17). എതിർക്രിസ്തുവിന്റെ മണവാട്ടിയാണ് ഈ ഐക്യകൂട്ടായ്മ. യഥാർത്ഥ ദൈവസഭയെന്നത് രക്ഷിപ്പെട്ടവരുടെ കൂട്ടമാണ്. പുതിയ യെരൂശലേം എന്ന പേരിലാണ് ദൈവസഭ അറിയപ്പെടുന്നത്. വ്യാജ ക്രൈസ്തവസംഘം മഹതിയാം ബാബിലോൺ എന്നറിയപ്പെടുന്നു.

ലോകമെമ്പാടും ഉള്ള ക്രൈസ്തവർ ഇന്ന് രണ്ടു ചേരിയായി തിരിഞ്ഞുകൊണ്ടിരിക്കയാണ്. ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കാത്തവരാണ് ക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും. ഇത്തരക്കാർക്ക് പോപ്പിനെ അംഗീകരിക്കാൻ ബുദ്ധിമുട്ട് ഉണ്ടാകയില്ല. എന്നാൽ രക്ഷിക്കപ്പെട്ട ദൈവമക്കൾക്ക് നാമധേയ ക്രൈസ്തവ സഭകളുമായി ഇണയില്ലാപ്പിണ കൂടുവാൻ കഴിയുന്നതല്ല. ഇരുളും വെളിച്ചവുമായി കൂട്ടായ്മ പറ്റില്ലല്ലോ.

രക്ഷിക്കപ്പെട്ട വ്യക്തിയ്ക്ക് കത്തോലിക്കസഭയുടെ വിശ്വാസാചാരങ്ങൾ അംഗീകരിക്കാൻ ആവില്ല. രക്ഷിക്കപ്പെട്ടു എന്ന് അവകാശപ്പെടുന്ന ചിലർ കത്തോലിക്ക സഭയിലുണ്ട്. രക്ഷിക്കപ്പെട്ടു എന്ന് ഇവർ പറയുന്നത് ശരിയാണെങ്കിൽ ഇവർക്ക് കത്തോലിക്ക സഭ വിടേണ്ടതായി വരും.

വേർപാട് എന്നത് സഭയുടെ അടിസ്ഥാന വേദോപദേശങ്ങളിൽ ഒന്നായി അംഗീകരിക്കുന്നവരാണ് പെന്തക്കോസ്തുകാർ. പക്ഷേ വേർപാടിന്റെ ഉപദേശത്തിൽ മായം ചേർക്കാൻ ഇന്നത്തെ പെന്തക്കോസ്തുകാർക്ക് മടിയില്ല. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാ ക്രൈസ്തവ വിഭാഗങ്ങളും ഐക്യപ്പെടണമെന്ന് പറയാൻ രക്ഷിക്കപ്പെട്ടവർക്ക് കഴിയുന്നതല്ല. യേശുക്രിസ്തുവിനെ അംഗീകരിക്കുന്നവരെല്ലാം ദൈവമക്കളാണെങ്കിൽ സാത്താനേയും ദൈവപൈതലായി കണക്കാക്കേണ്ടിവരും. ബൈബിളിലുള്ളതെല്ലാം ശരിയാണെന്ന് സാത്താൻ വിശ്വസിക്കുന്നു. പക്ഷേ ആ വിശ്വാസം സാത്താനെ രക്ഷിക്കയില്ല. വീണ്ടും ജനനം പ്രാപിക്കാൻ സാത്താന് കഴിയുന്നതല്ല. വീണ്ടും ജനിക്കാത്ത വ്യക്തി രക്ഷിക്കപ്പെട്ടിട്ടില്ല. വീണ്ടും ജനനത്തിന്റെ ഉപദേശം പഠിപ്പിക്കപോലും ചെയ്യാത്ത കത്തോലിക്ക സഭയിൽ അംഗമായിരുന്നുകൊണ്ട് ആർക്കും രക്ഷിക്കപ്പെടാൻ കഴിയാത്തതും ഈ കാരണത്താൽ അത്രേ.

സഭകളുടെ ഐക്യത്തിനായി മാർപാപ്പ നടത്തിയ ആഹ്വാനം സാത്താന്യ തന്ത്രത്തിന്റെ ഭാഗമാണ്. മാർപാപ്പയുടെ കീഴിൽ എല്ലാ ക്രൈസ്തവ വിഭാഗങ്ങളേയും അണി നിരത്തി മഹതിയാം ബാബിലോണിന് ശക്തി പകരേണ്ടത് സാത്താന്റെ ആവശ്യമാണ്. രക്ഷിക്കപ്പെടാത്തവരുമായി ഇണയില്ലാപിണ കൂടാതിരുന്നാൽ വിശ്വാസികൾക്ക് ഇത്തരം സാത്താന്യ തന്ത്രങ്ങളിൽ നിന്നും രക്ഷപ്പെടാവുന്നതാണ്.

നിയമവിജ്ഞാനം

# ജാമ്യം സംബന്ധിച്ച നിയമങ്ങൾ

ഒരാളെ അറസ്റ്റ് ചെയ്ത് കസ്റ്റഡിയിൽ വയ്ക്കുന്നതിൽ പല ഉദ്ദേശങ്ങൾ ഇരിക്കുമെങ്കിലും അവയിൽ പ്രധാനമായ ഉദ്ദേശം അയാൾ കോടതിയിൽ ഹാജരായി തന്റെ പേരിലുള്ള ചാർജിന് ഉത്തരം പറയുന്നതിനെ ഉറപ്പിക്കണമെന്നുള്ളതാണ്. കോടതിയിൽ അയാളുടെ പേരിൽ കുറ്റം സ്ഥാപിക്കപ്പെടുന്നതുവരെ അയാൾ നിർദോഷിയായിട്ടാണ് കരുതപ്പെടുന്നത്. അതുവരെ അയാൾ തടവിൽ വയ്ക്കപ്പെടുന്നതിൽ നിന്നും രക്ഷപ്പെടാനും തന്റെ പ്രതിവാദത്തിനുവേണ്ട നടപടികൾ എടുക്കുന്നതിൽ അയാളെ സഹായിക്കാനുമാണ് അയാൾ ജാമ്യത്തിൽ വിട്ടയയ്ക്കപ്പെടുന്നത്. ജാമ്യത്തിൽ വിടപ്പെടുന്നു എന്ന് പറഞ്ഞാൽ തടവിലുള്ള ഒരാൾ ഒരു നിശ്ചിതസമയത്തിലും തീയ്യതിയിലും ഒരു നിശ്ചിതസ്ഥലത്തിലും താൻ ഹാജരാകുമെന്നും അതിന് ഉത്തരവാദമായി നിർദ്ദേശിക്കപ്പെടുന്ന ഒരു തുകയ്ക്ക് താൻ ബാദ്ധ്യപ്പെടാൻ ഏൽക്കുന്നതായും പറയുന്ന ഒരു ബോണ്ടിനെ ഒരു പ്രത്യേക ഫോറത്തിൽ നിറവേറ്റുന്നതുമൂലം സ്വതന്ത്ര്യപ്രാപ്തി ചെയ്യുന്നത് എന്ന അർത്ഥമാണ്. അയാളുടെ ഉത്തരവാദിത്വത്തിനെ കൂടുതൽ ബലപ്പെടുത്തുന്നതിലേക്കായി, ഒന്നോ രണ്ടോ ഉറപ്പുകാരും കൂടി നിശ്ചയിക്കപ്പെടാവുന്നതുകയ്ക്ക് ബാദ്ധ്യപ്പെടുന്നതായി ബോണ്ട് എഴുതി കൊടുക്കുമായിരിക്കും.

അയാൾ പറഞ്ഞിട്ടുള്ളതുപോലെ ഹാജരാകാത്തപക്ഷം അവരുടെ ബോണ്ടുകൾ ജപ്തി ചെയ്യപ്പെടുകയും അവരവർ എഴുതിക്കൊടുത്തിട്ടുള്ള തുകയ്ക്ക് അവർ ബാദ്ധ്യസ്ഥരാകുന്നതുമാണ്. അയാൾ ഗവൺമെന്റിന്റെ തടവിലും സൂക്ഷിപ്പിലുമിരിക്കുന്നതിനുപകരം അയാൾ സ്വയമായി തിരഞ്ഞെടുത്ത ആളുകളുടെ ബന്ധവസിൽ ഇരിക്കുന്നതായി അർത്ഥമാണ്.

CRPC (1937) പ്രകാരം ഒരാളെ അറസ്റ്റുചെയ്യാൻ അധികാരമുള്ള ഉദ്യോഗസ്ഥൻമാർ പലർ ഉണ്ടെങ്കിലും തടവുകാരനെ ജാമ്യത്തിൽ വിട്ടയക്കാൻ അധികാരമുള്ള ആഫീസർ, CRPC 487 പ്രകാരം (കോടതി അദ്ധ്യക്ഷൻമാർ ഒഴിച്ച് ) ഒരു പോലീസ് സ്റ്റേഷൻ ഹൗസ് ആഫീസർ മാത്രമാണത്. ഒരു കുറ്റം സംബന്ധമായി അന്വേഷണം നടത്തുന്ന (ഒരു സ്റ്റേഷൻ ഹൗസ് ആഫീസറല്ലാത്ത) ഒരു പോലീസ് ഓഫീസർ ജാമ്യം അനുവദിക്കാവുന്ന ഒരു കുറ്റത്തിനുവേണ്ടി ഒരാളെ അറസ്റ്റു ചെയ്യുമ്പോൾ അയാളെ ജാമ്യത്തിൽ വിട്ടയക്കുന്നതിലേക്കായി തന്റെ ശുപാർശയോടു കൂടി അയാളെ സ്റ്റേഷൻ ഹൗസ് ആഫീസറുടെ അടുക്കൽ അയയ്ക്കേണ്ടതാണ്.

ജാമ്യത്തിൽ വിടാവുന്നകുറ്റങ്ങൾ – വാറണ്ട് കൂടാതെ അറസ്റ്റ് ചെയ്യപ്പെട്ടിരിക്കുമ്പോൾ

ക്രിമിനൽ നടപടി നിയമം 2-ാം ഷെഡ്യൂളിൽ കുറ്റങ്ങളെ ജാമ്യത്തിൽ വിടാവുന്നതും വിടാൻ പാടില്ലാത്തതുമായ ഇരുവകകളിലായി തരംതിരിച്ചിട്ടുണ്ട്. അവയിൽ ജാമ്യത്തിൽ വിടാവുന്നകുറ്റം ചെയ്തിട്ടുള്ള തടവുകാരന് ജാമ്യം ആവശ്യപ്പെടാൻ അവകാശമുണ്ട്. ജാമ്യം അനുവദിക്കുന്ന സ്റ്റേഷൻഹൗസ് ആഫീസറോ അല്ലെങ്കിൽ കോടതിയൊ നിശ്ചയിക്കുന്ന തുകയ്ക്ക് അയാളും അയാളുടെ ഉറപ്പുകാരും ബോണ്ട് എഴുതിക്കൊടുക്കുന്നെങ്കിൽ, ജാമ്യം സ്വീകരിക്കാൻ വിസ്സമ്മതിക്കുന്നതിന് ആർക്കും അധികാരമില്ല. അതുകൂടാതെ ജാമ്യം അനുവദിക്കുന്ന ഒരു കുറ്റത്തിലേക്കായി, വാറണ്ടുകൂടാതെ ഒരു സ്റ്റേഷൻഹൗസ് ആഫീസർ ഒരാളെ അറസ്റ്റു ചെയ്തിട്ടുണ്ടെങ്കിൽ, ജാമ്യത്തിൽ പോകാൻ അയാൾക്ക് അവകാശമുണ്ടെന്നും , അതിലേക്കായി വേണ്ടത്ര ഉറപ്പുകാരെ അയാൾ ഇടപാടുചെയ്യാമെന്നും അയാളോട് സ്റ്റേഷൻഹൗസ് ആഫീസർ പറയണം. ഇത് CRPC 50(2) പ്രകാരം ആ ആഫീസർക്ക് നിർബന്ധമാണ്. CRPC വകുപ്പ് 436(1) പ്രകാരം ജാമ്യത്തിൽ വിടാവുന്നതും വാറണ്ടുകൂടാതെ അറസ്റ്റുചെയ്തതുമായ ഒരു കേസിൽ സ്റ്റേഷൻ ഹൗസ് ആഫീസർക്കുള്ള അധികാരം തടവുകാരൻ തന്റെ സ്വന്തം ബോണ്ടിൻ പേരിൽമാത്രം വിട്ടയക്കപ്പെടാമോ അല്ലെങ്കിൽ ഉറപ്പുകാരും കൂടി വേണമോ എന്നു നിശ്ചയിക്കുന്നതു മാത്രമാണ്, മറ്റൊരുതരത്തിലുമുള്ള നിബന്ധനകൾ വിധിക്കപ്പെടാൻ പാടില്ല. CRPC വകുപ്പ് 440 (1) പ്രകാരം തടവുകാർക്കും അയാളുടെ ഉറപ്പുകാർക്കും നിശ്ചയിച്ചിട്ടുള്ള ബോണ്ടുതുക കേസിന്റെ പരിസ്ഥിതിയേയും അവരുടെ കഴിവിനേയും കണക്കാക്കിനോക്കുമ്പോൾ കൂടുതലായിരിക്കാൻ പാടില്ല. ഒരു തടവുകാരനും അയാളുടെ ഉറപ്പുകാർക്കും സ്റ്റേഷൻഹൗസ് ആഫീസറാൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള ബോണ്ടുതുക കുറയ്ക്കപ്പെടണമെന്ന് CRPC വകുപ്പ് 440 (2) പ്രകാരം ഹൈക്കോടതിക്കോ സെഷൻസ് കോടതിയ്ക്കോ ഓർഡർ കൊടുക്കാം. ജാമ്യത്തിൽ വിടാവുന്ന ഒരുകുറ്റം ചുമത്തപ്പെട്ടിരിക്കുന്ന ഒരു തടവുകാരൻ ജാമ്യം കൊടുക്കുന്നതിലേക്കുവേണ്ടി സ്റ്റേഷനിൽ ഹാജരാകണമെന്ന് ആവശ്യപ്പെടാൻ പാടില്ല. അയാളെ അറസ്റ്റു ചെയ്യാൻ പോകുന്ന പോലീസാഫീസർ വേണ്ടത്ര ജാമ്യഫോറങ്ങളെ കൈയ്യിൽ കൊണ്ടുചെല്ലേണ്ടതും, ആ സ്ഥലത്തിൽ വച്ചുതന്നെ വിട്ടയക്കേണ്ടതുമാണ്. അതുമാത്രമല്ല ഒരു തടവുകാരൻ തന്റെ ജാമ്യത്തിനുവേണ്ടി ഒരു സ്നേഹിതനോ, അല്ലെങ്കിൽ ഒരു ബന്ധുവിനോ വല്ലവിവരവും അയക്കണമെന്ന് ആവശ്യപ്പെടുന്നുവെങ്കിൽ പോലീസാഫീസർ അതിനുവേണ്ടത്ര സഹായം നൽകണം.

ജാമ്യത്തിനുവേണ്ടി തടവുകാരന്റെ ബോണ്ടും ഉറപ്പുകാരുടെ (Securities) ബോണ്ടും ആവശ്യപ്പെട്ടിരിക്കുകയും എന്നാൽ മതിയായ ഉറപ്പുകാരെ കണ്ടുകിട്ടാൻ തടവുകാരന് സാധിക്കാതിരിക്കുകയും ചെയ്യുമ്പോൾ ബോണ്ട് വയ്ക്കണമെന്ന് ആവശ്യപ്പെടാൻ ഒരു സ്റ്റേഷൻഹൗസ് ആഫീസർക്ക് അധികാരമില്ല.

ജാമ്യത്തിൽ വിടാവുന്ന കുറ്റങ്ങൾ വാറണ്ടോടുകൂടിയ അറസ്റ്റ് ചെയ്യപ്പെട്ടിരിക്കുമ്പോൾ

ജാമ്യത്തിൽ വിടാവുന്ന ഒരു കുറ്റം ചെയ്തിട്ടുള്ള ഒരാൾ കോടതിയുടെ വാറണ്ടോടുകൂടി അറസ്റ്റുചെയ്യപ്പെട്ടിരിക്കുമ്പോൾ ആ വാറണ്ടിൽ പറയുന്ന നിബന്ധനപ്രകാരം തടവുകാരെ ജാമ്യത്തിൽ വിട്ടയക്കേണ്ടതാണ്. പോലീസാഫീസർക്ക് സ്വന്തം അഭിപ്രായം പോലെ യാതൊന്നും ചെയ്യാൻ അധികാരമില്ല.

പോലീസാഫീസർ തടവുകാരെ ഡിസ്ചാർജ്ജ് ചെയ്യുമ്പോൾ

CRPC വകുപ്പുകൾ 42, 43 മുതലായവ അനുസരിച്ച് തടവുകാരൻ തന്റെ പേരും മേൽവിലാസവും കൊടുത്തതിനുശേഷം, അയാൾ വിട്ടയക്കപ്പെടുമ്പോൾ ആകട്ടേ, അല്ലെങ്കിൽ CRPC വകുപ്പ് 169 പ്രകാരം മതിയായ തെളിവില്ലാത്തതുകൊണ്ട് തടവുകാരൻ വിട്ടയക്കപ്പെടുമ്പോൾ ആകട്ടെ, പിന്നീട് ആവശ്യപ്പെടുമ്പോൾ, അയാൾ ഹാജരാകണമെന്നുള്ള നിബന്ധനയിൽ ഉറപ്പോടുകൂടിയതോ, കൂടാത്തതോ ആയ ബോണ്ടിനെ അവരിൽനിന്ന് എഴുതി വാങ്ങിയതിനുശേഷമാണ് അവർ വിട്ടയക്കപ്പെടേണ്ടത്.

ജാമ്യത്തിൽ വിടാൻപാടില്ലാത്ത കുറ്റങ്ങൾ വാറണ്ടുകൂടാത്ത അറസ്റ്റു ചെയ്യപ്പെട്ടിരിക്കുമ്പോൾ

ജാമ്യത്തിൽ വിടാൻ പാടില്ലാത്ത ഒരു കുറ്റം സംബന്ധിച്ച് അന്വേഷണം നടന്നുകൊണ്ടിരിക്കുമ്പോൾ യാതൊരു കുറ്റവും നടന്നിട്ടില്ലെന്ന് തെളിഞ്ഞാൽ അറസ്റ്റുചെയ്യപ്പെട്ട ആളെ ഒരു ബോണ്ടിൻ പേരിൽ വിട്ടയക്കേണ്ടതാണ്. പക്ഷേ, ജാമ്യത്തിൽ വിടാവുന്ന ഒരുകുറ്റം നടന്നിട്ടുള്ളതായി തെളിയുകയാണെങ്കിൽ അയാളെ ജാമ്യത്തിൽ വിട്ടയയ്ക്കണം.

ജാമ്യത്തിൽ വിടാൻ പാടില്ലാത്ത ഒരു കുറ്റം ചെയ്തിട്ടുള്ളതായി കുറ്റം ചുമത്തപ്പെട്ടതോ, അല്ലെങ്കിൽ സംശയിക്കപ്പെടുന്നതോ ആയ ഒരാൾ ഒരു പോലീസ് സ്റ്റേഷൻഹൗസ് ഓഫീസറാൽ വാറണ്ടുകൂടാതെ അറസ്റ്റു ചെയ്യപ്പെട്ടിരിക്കുമ്പോൾ, മരണശിക്ഷയോ അല്ലെങ്കിൽ ജീവപര്യന്തമുള്ള തടവുശിക്ഷയോ, വിധിക്കത്തക്ക ഒരു കുറ്റം നടന്നിട്ടില്ലെന്ന് വിശ്വസിക്കത്തക്ക ശരിയായ കാരണങ്ങളുണ്ടെങ്കിൽ CRPC വകുപ്പ് 437 (1) അനുസരിച്ച് ആ സ്റ്റേഷൻ ഹൗസ് ആഫീസർക്ക് യുക്തമെന്ന തോന്നിയാൽ അയാളെ ജാമ്യത്തിൽ വിട്ടയയ്ക്കാം.

മേൽപ്പറഞ്ഞ കേസിൽ അറസ്റ്റുചെയ്യപ്പെട്ടിട്ടുള്ള ആൾ ജാമ്യത്തിൽ വിടാൻപാടില്ലാത്ത ഒരു കുറ്റം ചെയ്തിട്ടുള്ളതായി വിശ്വസിക്കത്തക്ക യാതൊരു തെളിവും കിട്ടാതിരിക്കുകയും പക്ഷെ അയാളുടെ പേരിലുള്ള അപരാധത്തെപ്പറ്റി കൂടുതലായ അന്വേഷണം നടത്തുന്നതിലേക്കുള്ള വേണ്ടകാരണങ്ങളുണ്ടായിരിക്കുകയും ചെയ്യുമ്പോൾ CRPC വകുപ്പ് 437 (2) പ്രകാരം സ്റ്റേഷൻഹൗസ് ആഫീസർ അയാളെ ജാമ്യത്തിലോ, അല്ലെങ്കിൽ യുക്തമെന്ന തോന്നിയാൽ ഉറപ്പോടു (Security)കൂടാത്ത അയാളുടെ സ്വന്തം ബോണ്ടിൻ പേരിലോ വിട്ടയക്കാം.

CRPC വകുപ്പ് 437 (1) അനുസരിച്ച് ഒരു തടവുകാരനെ ജാമ്യത്തിൻ പേരിൽ വിട്ടയക്കുമ്പോഴൊ, അല്ലെങ്കിൽ CRPC വകുപ്പ് 437 (2) അനുസരിച്ച് അയാളെ ഒരു ജാമ്യം അല്ലെങ്കിൽ സ്വന്തം ബോണ്ട് എന്നിവയിൻപേരിൽ വിട്ടയക്കുമ്പോഴൊ സ്റ്റേഷൻഹൗസ് ആഫീസർ അങ്ങനെ വിട്ടയക്കുന്നതിലേക്കുള്ള കാരണങ്ങളെ CRPC വകുപ്പ് 437 (4) പ്രകാരം രേഖപ്പെടുത്തണം.

CRPC വകുപ്പു 437 നെപ്പറ്റി

ജാമ്യത്തിൽ വിടാൻ പാടില്ലാത്ത ഒരു കുറ്റം സംബന്ധിച്ച് ഒരാളെ വാറണ്ടുകൂടാതെ അറസ്റ്റു ചെയ്തിരിക്കുന്ന ഒരു സംഗതിയിൽ CRPC വകുപ്പ് 437-ൽ പറയുന്ന വ്യവസ്ഥകളെ ഒരു സ്റ്റേഷൻഹൗസ് ആഫീസർ നല്ലതുപോലെ ശ്രദ്ധിക്കണം. താഴെ പറയുന്ന വിഷയങ്ങൾ അതിൽ അടങ്ങിയിട്ടുണ്ട്.

1. ഒരു തടവുകാരൻ മരണശിക്ഷയോ, അല്ലെങ്കിൽ ജീവപര്യന്തമുള്ള തടവുശിക്ഷയോ വിധിക്കത്തക്ക ഒരുകുറ്റം ചെയ്തിട്ടില്ലെന്ന് ഒരു സ്റ്റേഷൻഹൗസ് ആഫീസർക്ക് പൂർണ്ണവിശ്വാസമുണ്ടെങ്കിൽ ആ തടവുകാരൻ ജാമ്യത്തിൽ വിടാൻ പാടില്ലാത്ത ഒരു കുറ്റത്തിനുവേണ്ടി അറസ്റ്റു ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും യുക്തമെന്ന് തോന്നിയാൽ 1-ാം ഉപവകുപ്പനുസരിച്ച് അയാളെ ജാമ്യത്തിൽ വിടാനായി സ്റ്റേഷൻ ഹൗസ് ആഫീസർക്ക് അധികാരമുണ്ട്.

2. മേൽപ്പറഞ്ഞതു പോലെ 1-ാം വകുപ്പനുസരിച്ച് തടവുകാരനെ ജാമ്യത്തിൽ വിട്ടയക്കുന്നതിനോ അല്ലെങ്കിൽ വിടാതിരിക്കുന്നതോ സ്റ്റേഷൻഹൗസ് ആഫീസറുടെ യുക്താനുസരണവിഷയമാണ്. തടവുകാരൻ ജാമ്യത്തിൽ വിടാൻപാടില്ലാത്ത ഒരു കുറ്റം ചെയ്തിട്ടില്ലെന്ന് തെളിയാത്ത പക്ഷം സംഗതിയുടെ അവസ്ഥ പോലെ സ്റ്റേഷൻ ഹൗസ് ആഫീസർക്ക് ഏതു തീരുമാനമെങ്കിലും എടുക്കാം. ഇതു വിഷയമായി സ്റ്റേഷൻ ഹൗസ് ആഫീസർ പരിഗണിക്കേണ്ട സംഗതികളെപ്പറ്റി ഈ അദ്ധ്യായത്തിൽ തന്നെ ഇതിനുശേഷം വിവരിച്ചിട്ടുണ്ട്.

3. മേൽപ്പറഞ്ഞ കേസിൽ അന്വേഷണത്തിനിടയ്ക്ക് ജാമ്യത്തിൽ വിടാൻ പാടില്ലാത്ത ഒരു കുറ്റം ആ തടവുകാരൻ ചെയ്തിട്ടില്ലെന്ന് വിശ്വസിക്കത്തക്ക തെളിവുകൾ കിട്ടുകയും പക്ഷേ അയാളുടെ പേരിലുള്ള അപരാധത്തെപ്പറ്റി കൂടുതലായ അന്വേഷണം നടത്തുന്നതിലേക്ക് വേണ്ട കാരണങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ രണ്ടാം ഉപവകുപ്പനുസരിച്ച് സ്റ്റേഷൻഹൗസ് ആഫീസർ അയാളെ ജാമ്യത്തിൽ വിട്ടയയ്ക്കുകയോ, അല്ലെങ്കിൽ ഉറപ്പോടുകൂടാത്ത അയാളുടെ സ്വന്തബോണ്ടിൻമേൽ വിട്ടയക്കുകയോ, ചെയ്യേണ്ടതാണ്. ഈ സന്ദർഭത്തിൽ തടവുകാരനെ ജാമ്യത്തിലോ അയാളുടെ സ്വന്തബോണ്ടിൻപേരിലോ വിട്ടയക്കേണ്ടത് സ്റ്റേഷൻഹൗസ് ആഫീസർക്ക് നിർബന്ധമാണ് ഇതിൽ ആ ആഫീസർ തന്റെ സ്വന്ത അഭിപ്രായം പോലെ ബോണ്ടുകൾക്കുപകരം നിശ്ചയിക്കപ്പെടാവുന്ന പണത്തുകയെ തടവുകാരൻ കെട്ടിവയ്ക്കുന്നുവെങ്കിൽ CRPC 445-ാം വകുപ്പനുസരിച്ച് സ്റ്റേഷൻഹൗസ് ആഫീസർ അയാളെ ജാമ്യത്തിൽ വിട്ടയക്കേണ്ടതാണ്.

4. മേൽപറഞ്ഞതു പോലെ 2-ാം ഉപവകുപ്പുപ്രകാരം ഒരു തടവുകാരനെ വിട്ടയക്കുമ്പോൾ ഉറപ്പുകാർ (Securities)കൂടാതെ തടവുകാരന്റെ സ്വന്തബോണ്ടിൻ മേൽ മാത്രം അയാളെ വിട്ടയക്കാൻ അനുമതിയുണ്ട്.

5. ഉപവകുപ്പ് (1) (2) എന്നിവ പ്രകാരം ഒരു തടവുകാരനെ വിട്ടയക്കുമ്പോൾ സ്റ്റേഷൻഹൗസ് ആഫീസർ ഉപവകുപ്പ് (4) പ്രകാരം അങ്ങനെ വിട്ടയക്കുന്നതിനുള്ള കാരണങ്ങളെ രേഖപ്പെടുത്തണം.

6. ഏഴുകൊല്ലമോ അല്ലെങ്കിൽ അതിലധികമോ ആകാവുന്ന ഒരു കാലാവധിക്കുള്ള തടവുശിക്ഷ വിധിക്കത്തക്ക ഒരു കുറ്റമോ അല്ലെങ്കിൽ IPC അദ്ധ്യായങ്ങൾ VI, XVI, XVII എന്നിവയിൽപ്പെട്ട ഒരു കുറ്റമോ അല്ലെങ്കിൽ ശ്രമം മുതലായവ നടത്തിയ കുറ്റമോ ചെയ്തിട്ടുള്ള ഒരാൾ തടവിൽ നിന്ന് ഉപവകുപ്പ് (1) പ്രകാരം വിട്ടയക്കപ്പെടുന്നെങ്കിൽ താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ട് ഉപവകുപ്പ് (3) പ്രകാരം കോടതിക്ക് ഏതു നിബന്ധനകളും വിധിക്കാം.

(എ). അയാൾ ബോണ്ടനുസരിച്ച് ഹാജരാകുന്നതിലേക്കുവേണ്ടി,

(ബി) അയാൾ ചെയ്തിട്ടു

(അടുത്ത പേജിൽ തുടരുന്നു)

**വണ്ടിയുടെ ഗ്ലാസ് തല്ലിപ്പൊളിക്കേണ്ട**

താക്കോൽ ഉള്ളിൽ വച്ച് നിങ്ങളുടെ വാഹനം പൂട്ടിപ്പോയി. എങ്ങനെ അത് തുറക്കും? വിവരം പെരുമ്പാവൂരിലെ ചാവിക്കടയിൽ അറിയിച്ചാൽ, (വാഹനം നിങ്ങളുടേതാണെന്ന് ബോദ്ധ്യപ്പെടുത്തിയാൽ), രണ്ടു മിനിറ്റു കൊണ്ട് കാര്യം സാധിക്കാം

**ചാവിക്കട**

ഫെഡറൽ ബാങ്കിന് എതിർവശം

പെരുമ്പാവൂർ

ഫോൺ: 9447149309

സമയം: 9 AM to 9 PM.

ഞായറാഴ്ചയും പ്രവർത്തിക്കും

# ജാമ്യം സംബന്ധിച്ച നിയമങ്ങൾ .................

ളളതായി ആരോപിക്കപ്പെടുന്നതോ അല്ലെങ്കിൽ സംശയിക്കപ്പെടുന്നതോ ആയ കുറ്റം അയാൾ വീണ്ടും ചെയ്യാതിരിക്കുവാൻ വേണ്ടി.

(സി) നീതിന്യായപരിപാലനത്തിന് ആവശ്യമായ മറ്റു താത്പര്യത്തിനുവേണ്ടി

ഇങ്ങനെയുള്ള കേസ് വിഷയത്തിൽ കോടതിയുടെ നിബന്ധനകൾ എന്താണെന്ന് കേട്ടറിയുന്നതുവരെ സ്റ്റേഷൻ ഹൗസ് ആഫീസർ ഒരാളെ ജാമ്യത്തിൽ വിട്ടയക്കുന്നത് ശരിയല്ല.

7. 16 കൊല്ലത്തിനും കുറവായ പ്രായമുള്ള ഒരു വ്യക്തി, ഒരു സ്ത്രീ അല്ലെങ്കിൽ വളരെ ബലഹീനതയുള്ള ഒരു രോഗി മുതലായവർ മരണശിക്ഷയോ അല്ലെങ്കിൽ ജീവപര്യന്തമുള്ള തടവുശിക്ഷയോ വിധിക്കത്തക്ക ഒരു കുറ്റം ചെയ്തിട്ടുണ്ടെങ്കിലും അവരെ ഉപവകുപ്പ് (1) പ്രകാരം ജാമ്യത്തിൽ വിടാനായി കോടതിക്ക് ഉത്തരവു കൊടുക്കണം.

താഴെ പറയുന്ന സംഗതികളിൽ ജാമ്യം അനുവദിച്ചുകൂടാ

1. തടവുകാരൻ ഒരു കുപ്രസിദ്ധ കുറ്റക്കാരനായിരിക്കുകയും അയാൾ ഒളിച്ചോടിപോകുമെന്ന് വിശ്വസിക്കപ്പെടുകയും ചെയ്യുമ്പോൾ.

2. തടവുകാരൻ ഒരു ദീർഘകാല തടവുശിക്ഷ വിധിക്കപ്പെടാൻ ഇടയുള്ളപ്പോൾ

3. തടവുകാരൻ അയാൾ ചെയ്തിട്ടുള്ളതായി ആരോപിക്കപ്പെടുന്നതോ അല്ലെങ്കിൽ സംശയിക്കപ്പെടുന്നതോ ആയ ഒരു കുറ്റം വീണ്ടും ചെയ്യുമെന്ന് വിശ്വസിക്കപ്പെടുമ്പോൾ സാധാരണയായി ഭവനഭേദനം, ചൂതുകളി, ചതി, പോക്കറ്റടി മുതലായ കുറ്റങ്ങൾ പതിവായി ചെയ്യുന്നവർ മുൻശിക്ഷക്കാർ മുതലായവർക്ക് തക്ക സന്ദർഭം കിട്ടുമ്പോൾ ആ കുറ്റങ്ങളെ അവർ തീർച്ചയായി വീണ്ടും ചെയ്യുമെന്ന് വിശ്വസിക്കാം.

4. തടവുകാരൻ സ്വാധീനശക്തി (Influence) യുള്ള ആളായിരിക്കും പ്രോസിക്യൂഷൻ ഭാഗത്തു സാക്ഷികളെ അയാൾ ഭയപ്പെടുത്തി പ്രോസിക്യൂഷൻ കേസിനെ ബലഹീനപ്പെടുത്താനുള്ള സാദ്ധ്യതയിരിക്കുകയും, കളവായ പ്രതിപക്ഷ സാക്ഷികളെ അയാൾ തയ്യാറാക്കാനായിരിക്കുകയും ചെയ്യുമ്പോൾ.

5. കുറ്റക്കാരിൽ ഒരാൾ, ഏതെങ്കിലും ഒരു ഉപായം കൊണ്ട് പ്രോസിക്യൂഷൻ ഭാഗത്ത് സാക്ഷികളുടെ മനസ്സിനെ അലട്ടി മാറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ

താഴെ പറയുന്ന വിഷയങ്ങളിൽ ജാമ്യം അനുവദിക്കാം

1. തടവിലുള്ള ആൾ, പ്രായം കൂടിയ ആളായോ, വളരെ ബലഹീനമുള്ള ആളായോ, ഒരു സ്ത്രീയായോ, അല്ലെങ്കിൽ 16 വയസ്സിനും കുറഞ്ഞപ്രായമുള്ള കുട്ടിയായോ ഇരിക്കുകയും, അയാൾക്ക് കിട്ടാനിടയുള്ള ശിക്ഷ സാധാരണയായിരിക്കുകയും ചെയ്യുമ്പോൾ.

2. തടവുകാരൻ അയാളുടെ കുടുംബത്തിൽ പ്രധാനപ്പെട്ട ആളായിരിക്കുകയും, അയാളൊഴിച്ചുള്ള കുടുംബാംഗങ്ങൾ പെണ്ണുങ്ങളായും, കുട്ടികളായുമിരിക്കുകയും, ആ കുടുംബത്തിൽ അയാളൊഴിച്ച് അയാൾക്ക് സമ്പാദ്യമില്ലാതിരിക്കുകയും അയാളുടെ കൃഷിഭൂമിയിൽ കൊയ്ത്തുസമയമായിരിക്കുകയും ചെയ്യുമ്പോൾ.

3. തടവുകാരൻ നാട്ടിൽ ബഹുമാനപ്പെട്ട ഒരാളായിരിക്കുകയും അയാൾക്ക് സ്വന്തമായ സ്ഥാവരജംഗമസ്വത്തുക്കൾ ഉണ്ടായിരിക്കുകയും, അയാൾ നല്ല സ്വഭാവമുള്ള ആളായും, ഒളിച്ചോടിപ്പോകുമെന്ന് വിശ്വസിക്കപ്പെടാത്ത ആളുമായിരിക്കുകയും അയാൾക്ക് കിട്ടാനിടയുള്ള ശിക്ഷ സാധാരണയായിരിക്കുകയും ചെയ്യുമ്പോൾ.

4. തടവുകാരൻ പതിവുകുറ്റക്കാരനല്ലാതിരിക്കുകയും, അയാളുടെ പേരിലുള്ള ചാർജ്ജ് ക്രൂരസ്വഭാവമല്ലാതിരിക്കുകയും, ആ കേസിന്റെ തീർച്ച വെളിപ്പെടുത്താൻ കാലതാമസമുണ്ടാകുമെന്ന് വിശ്വസിക്കപ്പെടുകയും ചെയ്യുമ്പോൾ അയാൾക്ക് തന്റെ കക്ഷിയുടെ വാദത്തിന് വേണ്ട ഇടപാടുകൾ ചെയ്യാൻ ആവശ്യമുള്ള സൗകര്യം നൽകണമെന്ന് ഉദ്ദേശിക്കുമ്പോൾ.

5. തടവുകാരന്റെ എതിർകക്ഷിയിലുള്ള ഒരാൾ ജാമ്യത്തിൽ വിട്ടയയ്ക്കപ്പെടാതിരിക്കുകയും, അതുകാരണം ആ കക്ഷിക്ക് അവരുടെ വാദത്തെ ബലപ്പെടുത്താൻ തടവുകാരന്റെ കക്ഷിയേക്കാൾ കൂടുതൽ സൗകര്യമുണ്ടായിരിക്കുകയും ചെയ്യുമ്പോൾ.

6. തടവുകാരന്റെ ആരോഗ്യനില വളരെ മോശമായിരിക്കുകയും, കസ്റ്റഡിയിൽ അയാൾക്ക് കിട്ടുന്ന വൈദ്യചികിത്സ മതിയാകാതിരിക്കുകയും ചെയ്യുമ്പോൾ.

<u>ജാമ്യം റദ്ദാക്കപ്പെടുന്നത്</u>

ജാമ്യത്തിൽ വിടാവുന്ന കുറ്റങ്ങൾ വിഷയത്തിൽ കുറ്റക്കാരന് ജാമ്യത്തിന് അവകാശപ്പെടാവുന്നതാണ്.

ജാമ്യത്തിൽ വിടാൻ പാടില്ലാത്തകുറ്റങ്ങൾ വിഷയത്തിൽ കുറ്റക്കാരനെ ജാമ്യത്തിൽ വിട്ടയക്കുന്നത് അയാൾക്ക് നൽകപ്പെടുന്ന ഒരു സൗജന്യമാണ്. മേൽപ്പറഞ്ഞ രണ്ടു വക കുറ്റങ്ങളിലും കുറ്റക്കാരൻ ജാമ്യത്തിന്റെ നിബന്ധനകളെ ലംഘിക്കുന്നുവെങ്കിൽ , ജാമ്യത്തെ റദ്ദാക്കാൻ കോടതിക്ക് അധികാരമുണ്ട്. ഒരു ജാമ്യത്തെ റദ്ദാക്കാനോ, പിൻവലിക്കാനോ ഒരു പോലീസാഫീസർക്ക് അധികാരമില്ല. അതുപോലെ തന്നെ ഒരാളെ ജാമ്യത്തിൽ വിട്ടയച്ചതിനുശേഷം കോടതിയുടെ അനുവാദം കൂടാതെ അയാളെ അറസ്റ്റുചെയ്യാൻ ഒരു പോലീസാഫീസർക്ക് അധികാരമില്ല.

ജാമ്യം റദ്ദാക്കപ്പെടാൻ ഇടയാകുന്ന കാരണങ്ങൾ

1. ജാമ്യത്തിൽ വിട്ടയയ്ക്കപ്പെട്ടയാൾ, പോലീസിന്റെ അന്വേഷണ നടപടിയിൽ പരാജയം ഉണ്ടാകുന്നതിലേക്കുള്ള പ്രവർത്തികൾ നടത്തുന്നത്.

2. അയാൾ പ്രോസിക്യൂഷൻ ഭാഗത്തിനു സാധകമായ തെളിവുകളെ നശിപ്പിക്കുകയോ, നീക്കുകയോ ചെയ്യുന്നതുമൂലം കുറ്റകൃത്യത്തിനുതെളിവില്ലാതെയാക്കാൻ ശ്രമിക്കുന്നത്.

3. അയാൾ പോലീസിനും , പ്രോസിക്യൂഷൻ സാക്ഷികൾക്കും എതിരായുള്ള ബലാൽക്കാര പ്രവർത്തികളിൽ പ്രവേശിക്കുന്നത്.

4. അയാൾ ഉറപ്പുകാരുടെ നിയന്ത്രണത്തിൽ നിന്നു മാറി ഒളിച്ചുനടക്കുകയോ, അല്ലെങ്കിൽ ഒളിച്ചോടിപ്പോകാൻ ശ്രമിക്കുകയോ ചെയ്യുന്നത്.

5. അയാൾ ഏതുകുറ്റത്തിനു വേണ്ടി അറസ്റ്റു ചെയ്യപ്പെട്ടോ അതേ കുറ്റം പിന്നീടും തുടർന്ന് ചെയ്യുന്നത്.

സ്റ്റേഷൻഹൗസ് ആഫീസർ എടുക്കേണ്ട നടപടി

1. ജാമ്യത്തിൽ വിടാൻ പാടില്ലാത്ത കുറ്റമാണെങ്കിൽ

(എ) CRPC വകുപ്പ് 437 (1) (2) പ്രകാരം ഒരു കോടതിയിൽ ആ ജാമ്യം അനുവദിക്കപ്പെട്ടിരുന്നാൽ CRPC437 (5) പ്രകാരം അത് റദ്ദാക്കപ്പെടണമെന്ന് ആ കോടതിയിൽ അപേക്ഷിക്കണം.

(ബി) CRPC വകുപ്പ് 437 (2) പ്രകാരം സ്റ്റേഷൻഹൗസ് ആഫീസർ തന്നെ ജാമ്യത്തിൽ വിട്ടയച്ചിരുന്നാൽ CRPC വകുപ്പ് 439 (2) അനുസരിച്ച് അത് റദ്ദാക്കപ്പെടുന്നതിലേക്കായി സെഷൻസ് കോടതിയിൽ അപേക്ഷിക്കണം.

2. ജാമ്യത്തിൽ വിടാവുന്ന കുറ്റമാണെങ്കിൽ

ജാമ്യം അനുവദിച്ചിട്ടുള്ളത് , സ്റ്റേഷൻഹൗസ് ആഫീസർ തന്നെയായാലുമാകട്ടെ CRPC വകുപ്പ് 439 (2) പ്രകാരം അത് റദ്ദാക്കപ്പെടണമെന്ന് സെഷൻസ് കോടതിയിൽ അപേക്ഷിക്കണം.

ബോണ്ടുകൾ

CRPC 441-ാം വകുപ്പ് പ്രകാരം ഒരാൾ തന്റെ സ്വന്ത ബോണ്ടിൻ പേരിലോ, അല്ലെങ്കിൽ ഉറപ്പുകാരുടെ ബോണ്ടിൻ പേരിലോ തടവിൽ നിന്ന് വിട്ടയക്കപ്പെടുന്നതാണ്.

ബോണ്ടുതുകയെപ്പറ്റി തടവുകാരൻ എഴുതിക്കൊടുക്കുന്ന ബോണ്ടാകട്ടെ അല്ലെങ്കിൽ ഉറപ്പുകാർ എഴുതിക്കൊടുക്കുന്ന ബോണ്ടുകളാകട്ടെ അവ ഏതു തുകയ്ക്കാണ് കൊടുക്കപ്പെടേണ്ടത് എന്നുള്ളത് സ്റ്റേഷൻ ഹൗസ് ആഫീസറാലോ അല്ലെങ്കിൽ കോടതിയാലോ നിശ്ചയിക്കപ്പെടും. അതായത് ജാമ്യത്തിൽ വിട്ടയക്കപ്പെടുന്ന ഉദ്യോഗസ്ഥർ ആ തുകയെ നിശ്ചയിക്കണം. ഒരു ബോണ്ടിനു നിശ്ചയിക്കപ്പെടുന്ന തുക CRPC 440 (1) പ്രകാരം കേസിന്റെ പരിസ്ഥിതിയേയും തടവുകാരന്റെ സാമ്പത്തുകനിലയേയും അനുസരിച്ചതായിരിക്കണം. നിശ്ചയിക്കപ്പെടുന്നതുക കൂടുതലാണെങ്കിൽ, അതിനെ കുറക്കുന്നതിനുവേണ്ടി ഉത്തരവിടാൻ സെഷൻസ് കോടതി ഹൈക്കോടതി എന്നിവയ്ക്ക് CRPC 440 (2) പ്രകാരം അധികാരമുണ്ട്. ഒരാൾ തന്റെ സ്വന്തം ബോണ്ടിനു പകരവും, ഉറപ്പുകാരുടെ ബോണ്ടുകൾക്കുപകരവും ആയി പണത്തുക കെട്ടിവയ്ക്കാൻ CRPC 445-ാം വകുപ്പ്

അനുസരിച്ച് അനുവദിക്കപ്പെടാവുന്നതാണ്. അങ്ങനെ കെട്ടിവയ്ക്കേണ്ടതുക എന്താണെന്ന് സ്റ്റേഷൻ ഹൗസ് ആഫീസർക്കോ അല്ലെങ്കിൽ കോടതിക്കോ (സന്ദർഭം പോലെ) നിശ്ചയിക്കാം. നിശ്ചയിക്കപ്പെടുന്നതുക കൂടുതലാണെങ്കിൽ അതിനെ കുറയ്ക്കാൻ സെഷൻസ് കോടതിയ്ക്ക് അധികാരമുണ്ട്.

ഉറപ്പുകാരുടെ ബോണ്ടുകൾ

ഉറപ്പുകാരുടെ കഴിവിനെപ്പറ്റി ജാമ്യം അനുവദിക്കുന്ന ഉദ്യോഗസ്ഥർ അന്വേഷണം നടത്തി തൃപ്തിപ്പെപ്പെടുത്തികൊളളണം അതിനുവേണ്ടി അവർതന്നെയോ അല്ലെങ്കിൽ അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥൻ മാരെക്കൊണ്ടോ അന്വേഷണം നടത്താം. ഉറപ്പുകാരുടെ കൈവശമുള്ള പ്രമാണങ്ങളെ വരുത്തി പരിശോധിക്കാം. ഉറപ്പുകാരിൽ നിന്ന് അവരുടെ കഴിവിനെപ്പറ്റിയുള്ള സത്യവാങ്മൂലം സ്വീകരിക്കാം.

ഉറപ്പുകാരുടെ സാമ്പത്തീക കഴിവിനും പുറമേ അവർ ആരാണെന്നും , തടവുകാരെ നിയന്ത്രിക്കാൻ കഴിവുള്ളവരാണോ അയാളുടെ അടുത്തബന്ധുവാണോ അല്ലെങ്കിൽ അയാളുടെ സ്നേഹിതൻമാരാണോ എന്നും നോക്കണം. ഉറപ്പുകാർ ബഹുമാനപ്പെട്ട ആളുകളായും സ്റ്റേഷൻ ഹൗസ് ആഫീസർ വിളിക്കുമ്പോൾ ഹാജരാകാൻ കഴിവുള്ളവരായിരിക്കുന്നത് നല്ലതാകുന്നു. ഉറപ്പുകാർ കൊടുക്കുന്ന ബോണ്ടുകൾ കോടതിക്ക് അയയ്ക്കപ്പെടേണ്ടതാണ് അതുകൊണ്ട് ഉറപ്പുകാരുടെ കഴിവിനെപ്പറ്റി വേണ്ടത്ര അന്യഷണം നടത്തപ്പെട്ടിരിക്കണം.

ഉറപ്പുകാരുടെ ബോണ്ടുകൾ മതിയാകുകയില്ലെന്ന് കോടതി അഭിപ്രായപ്പെടുന്നെങ്കിൽ CRPC വകുപ്പ് 443 അനുസരിച്ച് മതിയായ ഉറപ്പുകൊടുക്കണമെന്ന് CRPC വകുപ്പ് 447 പ്രകാരം കോടതിക്ക് ആവശ്യപ്പെടാം. അറസ്റ്റു ചെയ്യപ്പെട്ട ആൾ മൈനർ ആണെങ്കിൽ CRPC 448-ാം വകുപ്പ് പ്രകാരം ആ മൈനറുടെ ബോണ്ടിനുപകരം ഉറപ്പുകാരുടെ ബോണ്ടുകൾ സ്വീകരിക്കപ്പെടുന്നതാണ്.

ഏതു നിബന്ധനകളിൻ പേരിൽ ഒരാൾ ജാമ്യത്തിന്റെ വിട്ടയക്കപ്പെടുന്നോ, ആ നിബന്ധനകൾ ബോണ്ടുകളിൽ എഴുതപ്പെട്ടിരിക്കണം, തടവിൽ നിന്നും വിട്ടയയ്ക്കപ്പെടുന്ന ആൾ പോലീസാഫീസറോ, അല്ലെങ്കിൽ കോടതിയോ, പറയുന്ന സമയം, തീയ്യതി, സ്ഥലം എന്നിവയനുസരിച്ച് തീർച്ചയായി ഹാജരാകുമെന്നും അതുകൂടാതെ കേസ് തീരുന്നതുവരെ ആവശ്യപ്പെടുമ്പോഴെല്ലാം അങ്ങനെ അയാൾ ഹാജരാകുമെന്നും അങ്ങനെ അയാൾ ഹാജരായിട്ടില്ലെങ്കിൽ ബോണ്ടിൽ പറഞ്ഞിട്ടുള്ള തുക ഈടാക്കാൻ അവർ സമ്മതിക്കുന്നെന്നും പായുന്ന നിബന്ധനകൾ, അവരവരുടെ ബോണ്ടിൽ എഴുതപ്പെട്ടിരിക്കണം.


## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്

ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484-2592249, 9447414608

# സ്വർഗ്ഗങ്ങളും സ്വർഗ്ഗരാജ്യവും ...................

ഞ്ഞുകൂടാ. ഉണ്ടെങ്കിൽത്തന്നെ അത് ഒരു മനുഷ്യന് കൊടുക്കയുമില്ല. ഇനി ദൈവരാജ്യം എന്താണെന്നു നോക്കാം.

"നിന്റെ രാജ്യം വരേണമേ" എന്നു പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചതിൽ നിന്നും ദൈവരാജ്യം എന്നത് ദൈവം ഈ ഭൂമിയിൽ സ്ഥാപിക്കുന്ന രാജ്യമാണെന്നു വ്യക്തമാണല്ലോ. രാജാധിരാജാവായ യേശു ഈ ഭൂമിയെ അടക്കി ഭരിക്കുന്ന ഒരു കാലം വരുന്നു. ആയിരമാണ്ടു മുഴുവൻ ഇതുണ്ടായിരിക്കും. ദാനിയേൽ പ്രവചനം 9:24–27ലെ എഴുപതാഴ്ചവട്ടം അവസാനിക്കുന്നതോടെ സഹസ്രാബ്ദം ആരംഭിക്കും. യേശു കഴുതപ്പുറത്ത് യെരുശലേമിൽ എത്തിയ ദിവസം യേശുവിനെ യഹൂദന്മാർ തങ്ങളുടെ രാജാവായി അംഗീകരിച്ചിരുന്നെങ്കിൽ ഏഴുവർഷത്തിനുശേഷം ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടുമായിരുന്നു. എന്നാൽ വീടുപണിയുന്നവർ, മൂലക്കല്ല് തള്ളിക്കളഞ്ഞു. അതോടെ 69-ാം ആഴ്ചയ്ക്കും 70-ാം ആഴ്ചയ്ക്കും ഇടയിൽ ഒരു ബ്രാക്കറ്റ് കാലമുണ്ടായി. അതാണ് സഭാകാലം. യേശുവിന്റെ രഹസ്യ പ്രത്യക്ഷതയിൽ സഭ ഈ ഭൂമിയിൽനിന്നും മാറ്റപ്പെടും. തുടർന്ന് ഏഴുവർഷക്കാലം എതിർക്രിസ്തുവിന്റെ ഭരണമുണ്ടാകും. അതിന്റെ അവസാനത്തിൽ യേശു പ്രത്യക്ഷനാകയും എതിർക്രിസ്തുവിനെ തോല്പിച്ചശേഷം ഈ ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കയും ചെയ്യും. ഇതാണ് അക്ഷരാർത്ഥത്തിലുള്ള ദൈവരാജ്യം.

എന്നാൽ മർക്കോസ് 9:1 നോക്കുക. "ദൈവരാജ്യം ശക്തിയോടെ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ നില്ക്കുന്നവരിൽ ഉണ്ട് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" എന്നു കർത്താവു പറയുന്നു. അന്ന് കർത്താവിനോടുകൂടെയുണ്ടായിരുന്നവരിൽ ആരും ഇന്ന് ഭൂമിയിൽ ജീവനോടെയില്ല. അങ്ങനെയെങ്കിൽ ഇപ്പോൾ ദൈവരാജ്യം ഭൂമിയിലുണ്ടെന്നു വരുന്നു. അതെങ്ങനെ ശരിയാകും?

ദൈവരാജ്യം എന്നാൽ എന്ത്? ബൈബിൾ, ബൈബിൾ കൊണ്ടു തന്നെ വ്യാഖ്യാനിച്ചാൽ ഇതിന് ഉത്തരം കണ്ടെത്താം. റോമർ 14:17 ഇതിനുത്തരം തരുന്നു. "ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമത്രേ." നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമുള്ള അവസ്ഥയെ, ആത്മീയ അർത്ഥത്തിൽ, ദൈവരാജ്യം എന്നു വിളിക്കാം. അത് ഈ ഭൂമിയിൽ വന്നു കഴിഞ്ഞു. പെന്തക്കോസ്ത് നാളിൽ പരിശുദ്ധാത്മാവ് ഈ ഭൂമിയിലെത്തിയതു മുതൽ ആത്മീയ ദൈവരാജ്യം ഈ ഭൂമിയിൽ ഉണ്ട്. യൂദാസ്, ഒഴികെയുള്ള ശിഷ്യന്മാർ അന്ന് ജീവനോടെ ഉണ്ടായിരുന്നുതാനും. അതുകൊണ്ട് മർക്കോ. 9:1 നിവൃത്തിയായി.

അക്ഷരാർത്ഥത്തിലുള്ള ദൈവരാജ്യം, യഹൂദന്മാർ യേശുവിനെ രാജാവായി സ്വീകരിക്കാതെയിരുന്നതിനാൽ വെളിപ്പെട്ടില്ല. എങ്കിലും ദൈവപദ്ധതിക്കു മാറ്റം വന്നില്ല. ദൈവം ആത്മികമായ ദൈവരാജ്യം ഈ ഭൂമിയിൽ സ്ഥാപിച്ചു. ദൈവസഭയിൽ ദൈവരാജ്യം ഇന്ന് നിലനിൽക്കുന്നു (സഭയെന്നാൽ ഏതെങ്കിലും സംഘടനയല്ലെന്നു മറക്കരുത്). പത്രോസിന്റെ കൈയ്യിൽ ലഭിച്ചത് ഈ ദൈവരാജ്യത്തിന്റെ താക്കോലാണ്.

നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും പെന്തക്കോസ്ത് നാളിൽ ഈ ഭൂമിയിലെത്തി. അന്ന് ആത്മിക ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെട്ടു. ആദ്യമായി 120 ആളുകൾ ആ രാജ്യത്തിലെ പ്രജകളായി. ആത്മശക്തിയിൽ നിറഞ്ഞ് ജനം ആരാധിച്ചപ്പോഴുണ്ടായ ശബ്ദംകേട്ട് ഓടിക്കൂടിയവരിൽ പലരും പത്രോസിന്റെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടു. അവർക്കും ഈ ദൈവരാജ്യത്തിൽ പ്രവേശിക്കണമെന്ന ആഗ്രഹമുണ്ടായി. "അവർ, സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടൂ" എന്നു ചോദിച്ചു. പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുവാൻ എന്തു ചെയ്യേണ്ടൂ എന്നാണ് അവർ ചോദിച്ചത്. ഈ സമയം പത്രോസ് തനിക്ക് ലഭിച്ച താക്കോൽ ഉപയോഗിച്ച് സ്വർഗ്ഗരാജ്യത്തിന്റെ (ദൈവസഭയുടെ) വാതിൽ യഹൂദന്മാർക്കായി (സഹോദരന്മാർക്കായി) തുറന്നു; "നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവെന്ന ദാനം ലഭിക്കും." ദൈവരാജ്യത്തിൽ പ്രവേശിക്കുവാനുള്ള വാതിൽ പത്രോസ് തുറന്നു. മൂവായിരംപേർ അന്ന് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിച്ചു.

അന്ന് ലോകത്തുണ്ടായിരുന്ന മനുഷ്യരെ നാലായി തിരിക്കാം. (1) യഹൂദന്മാർ (2) ശമര്യക്കാർ (3) ജാതികൾ (4) ദൈവസഭ. ഇതിൽ പെന്തക്കോസ്ത് നാളിൽ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച 120 പേർ ദൈവസഭയിലെ അംഗങ്ങളാണ്. ബാക്കിയുള്ളവരിൽ യെഹൂദന്മാർക്കുവേണ്ടി പത്രോസ് വാതിൽ തുറന്നു. ശമര്യരും ജാതികളും ശേഷിച്ചു.

ഫിലിപ്പോസിന്റെ പ്രസംഗം നിമിത്തം മാനസാന്തരപ്പെട്ടു സ്നാനപ്പെട്ട ശമര്യർ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചില്ല. കാരണം അവർക്കായി തുറക്കേണ്ടതു പത്രോസാണ്. അതുകൊണ്ട് യെരുശലേമിൽ നിന്നും പത്രോസും യോഹന്നാനും വന്ന് അവർക്കായി പ്രാർത്ഥിച്ചു. അങ്ങനെ ശമര്യർക്കുവേണ്ടിയും സ്വർഗ്ഗരാജ്യത്തിന്റെ വാതിൽ തുറന്നു.

ദൈവം ജാതികൾക്കും സ്വർഗ്ഗരാജ്യം തുറന്നുകൊടുക്കുവാൻ തിരുമനസ്സായപ്പോൾ പത്രോസിനെത്തന്നെ കൊർന്നല്യോസിന്റെ ഭവനത്തിൽ അയച്ചു. യേശുവിന്റെ നാമത്തിൽ പാപമോചനം ലഭിക്കുമെന്ന സുവിശേഷം കേട്ടമാത്രയിൽ ജാതികൾ സ്വർഗ്ഗരാജ്യത്തിലേയ്ക്കു തള്ളിക്കയറി. യഹൂദന്മാർ, ശമര്യർ തുടങ്ങിയവരെപ്പോലെ സ്നാനപ്പെടുവാൻപോലും അവർ കാത്തുനിന്നില്ല. ബലാൽക്കാരികൾ ബലാൽക്കാരേണ സ്വർഗ്ഗരാജ്യം അവകാശമാക്കുന്നു എന്ന വചനം ഇവിടെ അന്വർത്ഥമായി. സ്നാനപ്പെട്ട് പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുക എന്ന ക്രമം വിട്ട് ഈ ബലാൽക്കാരികൾ പരിശുദ്ധാത്മാവിനെ പ്രാപിക്കയും സ്നാനമേൽക്കയും ചെയ്തു.

ക്രിസ്തീയമാർഗ്ഗം (ആത്മീയാർത്ഥത്തിൽ) ബലാൽക്കാരത്തിന്റെ മാർഗ്ഗമാണ്. ഉറക്കം തൂങ്ങിയിരിക്കുന്നവർ എന്നും അങ്ങനെയിരിക്കും. ദാഹിക്കുന്നവൻ വരും. ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങിക്കുടിക്കും. ഇന്നും അനേകർ, ബലാൽക്കാരേണ, പരിശുദ്ധാത്മാവിനെ, സ്നാനപ്പെടുന്നതിനു മുൻപ് പ്രാപിക്കാറുണ്ട്. (ഇവർ താമസിയാതെ സ്നാനമേൽക്കും). സ്നാനമേറ്റശേഷം പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുന്നവരും ഉണ്ട്. വിശ്വാസം, സ്നാനം, കൂട്ടായ്മ, പ്രാർത്ഥന, വിശുദ്ധജീവിതം തുടങ്ങി, വേണ്ടതും അതിലധികവും നടത്തിയിട്ടും പരിശുദ്ധാത്മാഭിഷേകം പ്രാപിക്കാത്തവരും ഉണ്ട്.

അക്ഷരാർത്ഥത്തിലുള്ള സ്വർഗ്ഗരാജ്യം താമസംവിനാ ഈ ഭൂമിയിൽ സ്ഥാപിക്കപ്പെടും. അതിൽ അംഗങ്ങളാകുവാൻ ആഗ്രഹിക്കുന്നവർ ആത്മീയ സ്വർഗ്ഗരാജ്യത്തിൽ ഇപ്പോൾതന്നെ പ്രവേശിച്ചേ മതിയാകൂ.

പത്രോസിനു ലഭിച്ചത് സ്വർഗ്ഗത്തിന്റെ താക്കോലല്ല, മറിച്ച് നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമുള്ള ദൈവസഭയുടെ താക്കോലാണെന്നു വ്യക്തമായല്ലോ. കർത്താവായ യേശുക്രിസ്തുവിന്റെ യാഗത്തിൽ വിശ്വസിച്ച് അവനെ രക്ഷിതാവായി സ്വീകരിക്കുന്നവർ നിത്യജീവൻ പ്രാപിക്കും എന്ന സുവിശേഷമാണ് ആ താക്കോൽ. യഹൂദൻ, ശമര്യാക്കാർ, ജാതികൾ തുടങ്ങിയവരെല്ലാം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത് സുവിശേഷത്തിലൂടെയാണ്.

ദൈവം തന്റെ സിംഹാസനമായ സ്വർഗ്ഗത്തെക്കുറിച്ച് പൂർണ്ണമായ അറിവ് മനുഷ്യനു നൽകിയിട്ടില്ല. എങ്കിലും നാം നിത്യരക്ഷ പ്രാപിക്കുവാൻ ആവശ്യമായ മറ്റു വിവരങ്ങൾ നൽകുന്നതോടൊപ്പം സ്വർഗ്ഗത്തെക്കുറിച്ചും ചിലതെല്ലാം നമുക്കു വെളിപ്പെടുത്തിയിട്ടുണ്ടെന്നു മാത്രം. നാം ഇപ്പോൾ ഇതൊക്കെയും കണ്ണാടിയിൽ കടമൊഴിയായി കാണുന്നു. എന്നാൽ ഭാവിയിൽ സകലതും അഭിമുഖമായും സ്പഷ്ടമായും കാണും. അന്ന് ഒന്നിനെക്കുറിച്ചും ഒരു സംശയവും ശേഷിക്കയില്ല. അതുവരെ ഇതൊക്കെ വിശ്വാസക്കണ്ണാൽ കണ്ടുകൊണ്ട് ജീവിതയാത്ര തുടരുകയേ നിവൃത്തിയുള്ളൂ.

സ്വർഗ്ഗത്തെക്കുറിച്ചു പൂർണ്ണമായ അറിവ് നമുക്കില്ലെങ്കിലും അറിഞ്ഞിടത്തോളം തന്നെ ആവശ്യത്തിലധികമുണ്ട്. സ്വർഗ്ഗം ഒരു മോഹനസങ്കല്പമല്ല പച്ചയായ യാഥാർത്ഥ്യമാണ്. യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ മാത്രമേ അവിടെയെത്തുകയുള്ളൂ. നാം രക്ഷിക്കപ്പെടുവാൻ സ്വർഗ്ഗത്തെക്കുറിച്ച് ഇതിലധികമൊന്നും അറിയേണ്ട ആവശ്യമില്ലല്ലോ.

# അച്ചൻകുഞ്ഞ് ഇലന്തൂർ .............

രണം നടത്തണമെന്നാണ് അച്ചൻ കുഞ്ഞ് പറയുന്നത്. കത്തോലിക്കരും യാക്കോബാക്കാരും ഒക്കെ ദൈവമക്കളാണെങ്കിൽ ഐ.പി. സി. പിരിച്ചുവിടണം. കെ.ഇ. ഏബ്രഹാം മഹതിയാം ബാബിലോൺ എന്ന പുസ്തകം എഴുതിയതിനും കെ.ഇ.ഏബ്രഹാം ഫൗണ്ടേഷൻ അത് ഇപ്പോഴും അച്ചടിച്ച് വിതരണം നടത്തുന്നതിനും കെ.ഇ.ഏബ്രഹാമിന്റെ പിൻതലമുറ ക്ഷമപറയണം. സമുദായക്കാരെ സ്നാനം കഴി പ്പിക്കുന്ന പെന്തക്കോസ്ത് ഉപദേശിമാരും ക്ഷമ പറയണം. അച്ചൻകുഞ്ഞിന്റെ നിലാടാണ് ശരിയെങ്കിൽ പെന്തക്കോസ്ത് സഭകൾ ഗുരുതരമായ തെറ്റാണ് ചെയ്യുന്നത്. ആ തെറ്റ് തിരുത്തണം.

വിപരീതോപദേശം പ്രചരിപ്പിക്കുന്നവർ എല്ലാക്കാലത്തും ദൈവസഭയിൽ ഉണ്ടായിരുന്നു. പുതിയനിയമത്തിലെ ഭൂരിപക്ഷം ലേഖനങ്ങളും ഇത്തരം ഉപദേശപ്പിശകുകൾക്കെതിരെയാണ് എഴുതപ്പെട്ടത്. ആദ്യകാല പെന്തക്കോസ്ത് നേതാക്കൻമാർ എഴുതിയ പുസ്തകങ്ങളിൽ ഭൂരിപക്ഷവും ദുരുപദേശങ്ങൾക്കെതിരെയായിരുന്നു. ദുരുപദേശക്കാരോട് ക്ഷമിക്കുന്ന പാരമ്പര്യം ദൈവസഭയ്ക്കില്ല. അതുകൊണ്ട് ദുരുപദേശപ്രചരണം നടത്തുന്ന അച്ചൻകുഞ്ഞിനെതിരെ നടപടി എടുക്കാൻ ഐ.പി.സിക്ക് കഴിയണം.

അച്ചൻകുഞ്ഞിനെതിരെ ഒരു നടപടിയും ഉണ്ടാകില്ലെന്ന് ഡിഫെൻ ഡറിനറിയാം. പെന്തക്കോസ്ത് നേതാക്കൻമാർ അത്ര അധ:പതിച്ചു കഴിഞ്ഞു. ദുരുപദേശങ്ങൾ, ദുർന്നടപടികൾ തുടങ്ങിയതൊക്കെ നിസ്സാരമായി കാണാൻ വിശ്വാസികളും പഠിച്ചുകഴിഞ്ഞു. എങ്കിലും ഡിഫെൻഡറിന് പ്രതികരിക്കാതിരിക്കാനാവില്ല.


MBBS,BDS, BAMS,BHMS, BVMS

B.Tech., MBA, MCA, B.Pharm, BPT.

B.Sc Nursing, General Nursing@Any group

Representing over 100 Colleges in Kerala, Karnataka, Tamil Nadu, Andhra Pradesh, & Maharastra



EDU-WORLD
WORLD OF EDUCATION

Penta Building, Near Jacobite Church,
M. C. Road, Perumbavoor
Ph : 0484-3967617, 9895488089, 94478 15788, 9847316334

HO: Opp. UCO Bank, Mazjid Road, Frazer town, Bangalore,
Ph: 080-57658044, 30930167

www.eduworldindia.com e-mail: info@eduworldindia.com

RNI No. 68089 / 97
2005 May 16

# THE DEFENDER

REGISTERED
KL/CR/ALY/221/2003-05


## ADMISSIONS 2005

**B. Sc. Nursing, General Nursing, M.B. B. S., B. D. S., B.E., B. Tech., M. B. A. Lateral Entry, , B. Pharm., M. C. A., B. P. T., B.A.M.S., D. H. M. S., D. H. M., B. B. M., M. S. W., B. Sc./M.Sc. (Bio Technology, Bio Chemistry, Micro Biology, Genetics, Electronics, Bio Informatics, Fashion Technology, Poly Technic, Mass Communication) M.Sc. Hospital Administration, B. Ed.**

**എല്ലാവിധ അംഗീകാരങ്ങളുമുള്ള മികച്ച കോളേജുകളിൽ എല്ലാ പ്രൊഫഷനൽ കോഴ്സുകൾക്കും ഉത്തരവാദിത്വത്തോടുകൂടി അഡ്മിഷൻ ലഭിക്കുന്നതിന് സഹായിക്കുന്നു.**



Join for an internationally recognized
B. E. Hons Degree
in India with placement assurance in reputed software & multinational companies.
**B.E. LATERAL ENTRY** to Poly Technic Holders (All Branches) with 50 % marks.

Asianet Global എല്ലാ ഞായറാഴ്ചയും വൈകിട്ട് 6. 30 മുതൽ 7 വരെ Global Educational Helpline Trust നെക്കുറിച്ചുള്ള റ്റി. വി. പ്രോഗ്രാം +2 കഴിഞ്ഞവരും ഡിഗ്രിക്കു പഠിക്കുന്നവരും ഡിഗ്രികഴിഞ്ഞവരുമായ വിദ്യാർത്ഥികളും അവരുടെ രക്ഷകർത്താകളും മറ്റ് അഭ്യുദയ കാംഷികളും ശ്രദ്ധിക്കുനത് ഉപരിപഠനത്തിനു സഹായകമാകും.

*ദേശിയ, സംസ്ഥാന അവാർഡ് ജേതാക്കൾ ഉൾപ്പെടെ 150-ൽ അധികം റിട്ടയേർഡ് അദ്ധ്യാപകർ, പ്രിൻസിപ്പൽമാർ തുടങ്ങിയ പ്രമുഖ വ്യക്തികൾ നേതൃത്വം കൊടുക്കുന്ന ഒരു ചാരിറ്റബൾ ട്രസ്റ്റാണ് Global Educational Helpline Trust (Reg. BLN-4/00429).*

## Global Educational Helpline Trust

**Cochin Office** : Near Post Office, Opp. Private Bus Stand, Kakkanad. Ph : 93884 87626, 93884 37716, 93884 37717

**Bangalore Office** : Manipal Centre, M. G. Road, Ph : 09341718563 www.globaltrust.in, email : info@globaltrust.in

Chairman : **Mr. K. C. Jacob** (Rtd. Headmaster, State Teachers' Award Winner, Former President of Kerala Private Secondary School Headmasters' Association) Ph : 09341718563, 9388487626, 9447321055, 0490-2493613 (O), 2454539 (R)


# വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ



വിശ്വാസികളും ശുശ്രൂഷകന്മാരും അറിഞ്ഞിരിക്കേണ്ട എല്ലാ ഉപദേശ വിഷയങ്ങളും ഉൾക്കൊള്ളുന്ന സി.ഡി.കൾ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്നു. MP3 ഫോർമാറ്റിൽ 10 ഓഡിയോ സി.ഡി.കൾ പുറത്തിറക്കാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 120 മണിക്കൂർ ദൈർഘ്യമുള്ള ബൈബിൾ സ്റ്റഡിയാണിത്.

## സി.ഡികളുടെ ഉള്ളടക്കം

**C.D.-1.** രക്ഷയെ ബാധിക്കുന്ന അടിസ്ഥാനവേദോപദേശങ്ങളാണ് ഈ സി.ഡിയിൽ ഉണ്ടാകുക. രക്ഷ, വിശ്വാസ സ്നാനം, പരിശുദ്ധാത്മാഭിഷേകം തുടങ്ങിയ വിഷയങ്ങളെല്ലാം ഉണ്ടാകും.

**C.D.-2.** കൾട്ടുകളെക്കുറിച്ചുള്ള പഠനമാണ് രണ്ടാമത്തെ സി.ഡി.യിൽ ഉണ്ടാകുക. യഹോവ സാക്ഷികൾ, ശാബതുകാർ, മോർമോൺ ക്രിസ്റ്റാഡെൽഫിയൻ, ക്രിസ്ത്യൻ സയൻസ് തുടങ്ങിയ പ്രധാനകൾട്ടുകളെക്കുറിച്ചെല്ലാമുള്ള പഠനങ്ങൾ ഉണ്ടാകും.

**C.D.-3.** ആത്മലോകവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് മൂന്നാമത്തെ സി.ഡി.യുടെ ഉള്ളടക്കം. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ, ദുരാത്മാവിന്റെ പ്രവർത്തനങ്ങൾ എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി തിരിച്ചാണ് പഠനം നടത്തുക. ആത്മവിവശത, ഹിപ്നോട്ടിസം, യോഗാഭ്യാസം, പ്രാണിക് ഹീലിംഗ് തുടങ്ങിയവയെക്കുറിച്ചുള്ള പഠനങ്ങളും ഉണ്ടാകും.

**C.D.-4.** നാലാമത്തെ സി.ഡയിൽ ദുരുപദേശങ്ങളെക്കുറിച്ചുള്ള പഠനങ്ങളാണ് ഉൾപ്പെടുത്തുക. ദൈവസഭയെ തകർക്കാനായി സാത്താൻ പ്രചരിപ്പിക്കുന്ന പ്രധാനപ്പെട്ട ദുരുപദേശങ്ങളെല്ലാം ഈ സി.ഡി.യിൽ പഠനവിധേയമാക്കും.

**C.D.-5.** പ്രധാനപ്പെട്ട ലോക മതങ്ങളെക്കുറിച്ചുള്ള വിശദമായ പഠനങ്ങളായിരിക്കും അഞ്ചാമത്തെ സി.ഡി.യുടെ ഉള്ളടക്കം. ഹിന്ദുമതം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്കുമതം തുടങ്ങിയവയെല്ലാം ഉണ്ടാകും. അന്യമതങ്ങളിൽ വിശ്വസിക്കുന്നവരോട് സുവിശേഷം അറിയിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ സി.ഡി. സഹായകമാകും.

**C.D.-6.** ബൈബിൾ വ്യാഖ്യാനിക്കേണ്ടതെങ്ങനെ എന്ന വിഷയമാണ് ആറാമത്തെ സി.ഡി.യിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. യേശു പറഞ്ഞ ഉപമകൾ ഉൾപ്പെടെയുള്ള നിരവധി വ്യാഖ്യാനപ്രശ്നങ്ങൾ പഠനവിധേയമാക്കുന്നതാണ്.

**C.D.-7.** ഭാവികാല ശാസ്ത്രത്തെക്കുറിച്ചുള്ള വിശദമായ പഠനമാണ് ഏഴാമത്തെ സി.ഡി.യിൽ ഉണ്ടാകുക. സ്വർഗ്ഗം, നരകം, പാതാളം തുടങ്ങിയ വിഷയങ്ങളോടൊപ്പം ദാനിയേൽ പ്രവചനം, വെളിപ്പാട് പുസ്തകം എന്നിവയുടെ വ്യാഖ്യാനങ്ങളും ഉണ്ടാകും.

**C.D.-8, 9, 10.** ബൈബിളുമായി ബന്ധപ്പെട്ട നൂറുകണക്കിന് സംശയങ്ങൾക്ക് ഉചിതമായ മറുപടി പറയാൻ കഴിയാതെ വിശ്വാസികളും ശുശ്രൂഷകന്മാരും കുഴയാറുണ്ട്. ഇത്തരം പ്രശ്നങ്ങൾക്കുള്ള പരിഹാരമാണ് 8,9,10 എന്നീ സി.ഡി.കളിൽ ഉണ്ടാകുക.

**പ്രസിദ്ധീകരണം:**
**2005 ജൂൺ മുതൽ മാസത്തിൽ ഒരു സി.ഡി. വീതം**
**വില: 10 സി.ഡി. അടങ്ങുന്ന ഒരു സെറ്റ് – 1000 രൂപ**
**മുൻകൂർ ബുക്കിങ്ങ്: 750 രൂപ മാത്രം പോസ്റ്റേജ് സൗജന്യം**
**കൂടുതൽ വിവരങ്ങൾക്ക്: 94474 14608**

മണിയോർഡർ, ചെക്ക്, ഡ്രാഫ്റ്റ് തുടങ്ങിയവ അയയ്ക്കേണ്ട വിലാസം:

**റ്റി.എസ്.ബാലൻ**
**ആനന്ദ് ഭവൻ, പെരുമ്പാവൂർ പി.ഒ., എറണാകുളം.**
**പിൻ 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan